കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാടായി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/1454/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497-2707698

തീയ്യതി : 17.10.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടായി ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1 ലെ 1-12മുതൽ 1-44 വരെയുള്ള ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1),ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കണ്ണൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/1454/2019 തീയ്യതി: 17.10.2019

## കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.04.18 മുതൽ 31.07.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ശശികുമാർ. എം .പി.,ഡെപ്യൂട്ടി ഡയറക്ടർ |
| | |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.08.19മുതൽ 31.08.19 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സിന്ധു. ടി . പി,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ഷൈജു മാത്യു,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | റീന പിട്ടൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | പ്രമോദ് . കെ. ,ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ആബിദ.എസ് കെ | 01.04.18 മുതൽ 28.06.18 വരെ |
| | ശ്രീ. എം. പവിത്രൻ | 29.06.18 മുതൽ 24.07.18 വരെ |
| | ശ്രീമതി. എ.സുഹ്റാബി | 25.07.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ ചന്ദ്രൻ.എം. വി. | 01.04.18 മുതൽ 31.03.19 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ വിനോദ് കുമാർ. ടി | 01.04.18 മുതൽ 31.03.19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ. ശ്രീലേഖ.കെ.പി. | 01.04.18 മുതൽ 31.03.19 വരെ |
| ഫിഷറീസ് സബ്ഇൻസ്പെക്ടർ | ശ്രീ രാജേന്ദ്രൻ.കെ.വി | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഡികേഷ്.കെ | 01.04.18 മുതൽ 24.06.18 വരെ |
| | ശ്രീ.ജോസ് ജയകുമാർ | 25.06.18 മുതൽ 31.03.19 വരെ |
| വി ഇ ഒ (മാടായി) | ശ്രീമതി. ഷീന.കെ.എം | 01.04.18 മുതൽ 31.03.19 വരെ |
| വി ഇ ഒ (പുതിയങ്ങാടി) | ശ്രീ.ശ്രീജിത്ത്.ഒ | 01.04.18 മുതൽ 14.12.18 വരെ |
| | ശ്രീമതി.ലയ ജയറാം | 15.12.18 മുതൽ 31.03.19വരെ |
| മെഡിക്കൽ ഓഫീസർ,പി | ഡോ.സി.പ്രസൂൺ | 01.04.18 മുതൽ 31.03.19 |

| | | |
|---|---|---|
| എച്ച് സി | | വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.രശ്മി.എൻ | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.കുമാരൻ | 01.04.18 മുതൽ 03.07.18 വരെ |
| | ശ്രീമതി.മല്ലിക.സി | 04.07.18 മുതൽ 31.03.19 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി.തരുണി.എസ് | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബിനു വർഗ്ഗീസ് | 01.04.18 മുതൽ 20.04.18 വരെ |
| | ശ്രീ.റോബിൻ സേവ്യർ | 21.04.18 മുതൽ 27.06.18 വരെ |
| | ശ്രീ.ഫാറൂക്ക്.എം.കെ | 28.06.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.രജീഷ് | 01.04.18 മുതൽ 09.05.18 വരെ |
| | ശ്രീ.ഫിലിപ്പോസ് പണിക്കർ | 10.05.18 മുതൽ 10.08.18 വരെ |
| | ശ്രീമതി.ജയ.പി.എസ് | 11.08.18 മുതൽ 09.11.18 വരെ |
| | ശ്രീമതി.ശ്രേണി | 10.11.18 മുതൽ 28.03.19 വരെ |
| | ശ്രീമതി.അശ്വിനി ചെമ്മഞ്ചേരി | 29.03.19 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീ.ചന്ദ്രൻ.എം.വി | 01.04.18 മുതൽ 31.03.19 വരെ |

ഉള്ളടക്കം

| ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട് | | |
|---|---|---|
| ക്ര.നം. | ഖണ്ഡിക | വിവരണം |

| | | |
|---|---|---|
| | നമ്പർ | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് ബാലൻസ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | വാണിജ്യാവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടത്തെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി- |
| 13 | 1-13 | വസ്തു നികുതി അപാകങ്ങൾ- |
| 14 | 1-14 | പെർമിറ്റ് രജിസ്റ്റർ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. |
| 15 | 1-15 | ഡി & ഒ ലൈസൻസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ |
| 16 | 1-16 | കരാറുകാർക്ക് ഇളവ് അനുവദിക്കുന്നത്-ചട്ടപ്രകാരമുള്ള നിബന്ധന പാലിക്കപ്പെട്ടിട്ടില്ല |
| 17 | 1-17 | തൊഴിൽ നികുതി ഈടാക്കാത്തത് |
| 18 | 1-18 | ക്ഷേമപെൻഷൻ- മരണമടഞ്ഞ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് പെൻഷൻ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നത്,അന്വേഷണ വിധേയമാക്കേണ്ടതാണ് |
| 19 | 1-19 | ഭവന പുനരുദ്ധാരണം വാല്വേഷൻ സർട്ടിഫിക്കറ്റില്ലാതെ ധനസഹായം നൽകിയത് ക്രമവിരുദ്ധം. |
| 20 | 1-20 | ധനസഹായം ലഭിച്ചിട്ടും വീട് /കിണർ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. |
| 21 | 1-21 | ബഡ്സ് സ്കൂളിന് ഫണ്ട്- പിരിച്ചെടുക്കുന്ന തുക ക്രഡിറ്റ് ചെയ്യുന്നതിൽ കാലതാമസം |
| 22 | 1-22 | വിവിധ ഏജൻസികളിൽ നിന്നും മുൻവർഷങ്ങളിലുൾപ്പെടെ |

| | | |
|---|---|---|
| | | ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത്- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് |
| 23 | 1-23 | ദാരിദ്ര്യ രേഖക്ക് താഴെയുള്ള വൃദ്ധർക്ക് കട്ടിൽ -വിതരണത്തിലെ കാലതാമസത്തിന് സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല. |
| 24 | 1-24 | സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് ക്രമപ്രകാരമല്ല |
| 25 | 1-25 | പൊതു ടാപ്പുകൾക്കുള്ള വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല |
| 26 | 1-26 | വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്ലാൻ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ |
| 27 | 1-27 | സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകൾ - അപാകങ്ങൾ |
| 28 | 1-28 | യാത്രാ ബത്ത അനുവദിച്ചതിലെ അപാകങ്ങൾ |
| 29 | 1-29 | ജി എസ് ടി തുക തെറ്റായ ഹെഡിൽ ഒടുക്കിയത് |
| 30 | 1-30 | ഹരിത കേരളം-പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന പദ്ധതി- പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കാത്തതും മറ്റ് അപാകങ്ങളും |
| 31 | 1-31 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രൊ.നം.78/19) ഒടുക്കിയ മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമായിട്ടില്ല. |
| 32 | 1-32 | ക്ഷമത - എൽ.പി സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം( പ്രൊ. നം.92/19) ഫുട്ബോൾ വാങ്ങിച്ച വകയിൽ 690രൂപ അധികം നൽകി |
| 33 | 1-33 | പാലിയേറ്റീവ് പരിചരണ പദ്ധതി -വളണ്ടിയർമാരുടെ പരിശീലനം- അധികം ചെലവഴിച്ച 4060രൂപ നിരാകരിക്കുന്നു . |
| 34 | 1-34 | പെയിൻ&പാലിയേറ്റീവ് പരിചരണ പദ്ധതി-അപാകങ്ങൾ |
| 35 | 1-35 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം പ്രൊജക്റ്റ് നിർവ്വഹണത്തെ ബാധിക്കുന്നു. |
| 36 | 1-36 | തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി - മാർഗ്ഗ രേഖ നിബന്ധനകൾ പാലിക്കേണ്ടതാണ് |
| 37 | 1-37 | വാഹനം വാങ്ങിയത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല. അധികമായി ചെലവഴിച്ച 172623/- രൂപ തടസ്സപ്പെടുത്തുന്നു |
| 38 | 1-38 | മത്സ്യ വില്പനക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും നൽകൽ- ടൂവീലർ ലൈസൻസ് ഹാജരാക്കിയില്ല |
| 39 | 1-39 | തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് നൽകിയ കമ്പ്യൂട്ടറിന്റെ |

| | | |
|---|---|---|
| | | വില റിക്കുപ്പ് ചെയ്യേണ്ടതാണ് |
| 40 | 1-40 | വിവിധ പ്രവൃത്തികൾക്കായി ഡപ്പോസിറ്റ് നൽകൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ്. |
| 41 | 1-41 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് |
| 42 | 1-42 | നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം കുറവ് ചെയ്യൽ-കളക്ഷൻ തുക ഈടാക്കുന്നില്ല. |
| 43 | 1-43 | ഇ ടെൻഡർ - ടെൻഡർ ഫോറങ്ങളുടെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമായിട്ടില്ല. |
| 44 | 1-44 | അംഗൻവാടികൾ-അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത. |
| ഭാഗം 2 ഇല്ല | | |
| ഭാഗം 3 ഇല്ല | | |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 45 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 46 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 47 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 48 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 49 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 50 | 4-6 | സ്ഥിര നിക്ഷേപം |
| 51 | 4-7 | ഓഡിറ്റ് റിക്കവറി |
| 52 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 53 | 4-9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 54 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 55 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധ പത്രികകൾ | | |
| 57 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 58 | അനുബന്ധം-2-1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 59 | അനുബന്ധം-2-2 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| | | |

| | | |
|---|---|---|
| 60 | അനുബന്ധം-2-3 | ബാലൻസ് ഷീറ്റ് |
| | | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 13.03.18തീയതിയിലെ 1/2018 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 15.02.19 തീയതിയിലെ 3/2019 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,00,90,162 | 1,35,98,957 |
| വരവ് | 13,00,37,000 | 14,77,80,258 |
| ആകെ | 15,01,27,162 | 16,13,79,215 |
| ചെലവ് | 13,63,07,840 | 15,11,20,140 |
| നീക്കിയിരിപ്പ് | 1,38,19,322 | 1,02,59,075 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.19 | 27.04.19 | തിരിച്ചയച്ചിട്ടില്ല | -- |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,56,94,408 |
| വരവ് | 7,00,27,759 |
| | |

| | |
|---|---|
| ആകെ | 8,57,22,167 |
| ചെലവ് | 6,57,06,790 |
| നീക്കിയിരിപ്പ് | 2,00,14,377 |

സംയോജിത പദ്ധതിക്കായി വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുക സമയ പരിധിക്കകം വിനിയോഗിക്കാത്തത് അപാകമാണ്. വിശദവിവരങ്ങൾ ഖ.1-22 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,86,18,000 | 1,86,18,000 | 1,78,54,295 | 7,63,705 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 65,25,000 | 65,25,000 | 48,91,085 | 16,33,915 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 1,18,000 | 1,18,000 | 1,18,000 | തിരിച്ചടച്ചത് |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 50,40,000 | 50,40,000 | 47,46,198 | 2,93,802 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 39,21,000 | 39,21,000 | 21,86,924 | 17,34,076 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 86,42,000 | 86,42,000 | 56,46,819 | 29,95,181 |
| സാക്ഷരത | | 4,794 | 169 | 4,963 | 118 | 4,845 |
| ദുരിതാശ്വാസനിധി | | 20289 | 5153 | 25442 | 3000 + 3000(ബുക്ക് അഡ്ജസ്റ്റ്മെന്റ്) | 17442 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 1,20,39,757 | 1,20,39,757 | 1,20,39,757 | 0 |
| | അഡ്മിനി | 3,039 | 2,16,192 | 2,19,231 | 2,10,355 | 8,876 |

| | | | | | | |
|---|---|---|---|---|---|---|
| | സ്റ്റേറ്റീവ് ചെലവ് | | | | | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐ.സി.ഡി.എസ് | | 6,28,850 | 9,74,900 | 16,03,750 | 8,16,934 | 7,86,816 |
| ടിഎസ് സി | | .0 | 8,50,000 | 8,50,000 | 0 | 8,50,000 |
| എസ് എസ് എ | | 86,135 | 3,053 | 89,188 | 118 | 89,070 |
| തുമ്പൂർമുഴി | | 12,00,000 | 0 | 12,00,000 | 0 | 12,00,000 |
| ഒഡിഎഫ് | | 58,800 | 0 | 58,800 | 0 | 58,800 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| തൊഴിൽ രഹിത വേതനം | | 0 | 90,000 | 90,000 | 90,000 | 0 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | 0 | 2,40,000 | 2,40,000 | 2,40,000 | 0 |
| ഉൽപ്പാദന ബോണസ് | | 0 | 32,000 | 32,000 | 32,000 | 0 |
| ബഡ്സ്സ്കൂൾ- ധനസഹായം | | 1,37,415 | 6,04,494 | 7,41,909 | 6,04,494 | 1,37,415 |
| ആശ്രയ | | 95,867 | 0 | 95,867 | 0 | 95,867 |
| എം എൻ ആർ ഇ ജി എസ് - 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കയവർക്കുള്ള പ്രതിഫലം | | 0 | 12,000 | 12,000 | 12,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത്* | 1,40,4,326 | 10,50,000 | 24,54,326 | 7,50,000 | 17,04,326 |
| | ജില്ലാ പഞ്ചായത്ത്* | 11,10,648 | 19,13,000 | 30,23,648 | 7,16,424 | 23,07,224 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 1,43,49,094 | | | |

*2017-18 സാമ്പത്തിക വർഷത്തെ ബി.4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് താഴെ പറയും പ്രകാരമാണ്.

ബ്ലോക്ക് പഞ്ചായത്ത് – 25,67,561

ജില്ലാ പഞ്ചായത്ത് – 14,17,162

യഥാക്രമം 1163235 രൂപ, 306514 രൂപ മുന്നിരിപ്പ് ജേണൽ എൻട്രി ചെയ്ത് മുൻവർഷ ചെലവായി ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

1.ജനറൽ പർപ്പസ് ഫണ്ടിൽ നിന്നുള്ള പദ്ധതിച്ചെലവുകൾക്കുള്ള എ സി ആർ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ കൃത്യമായ വരവു ചെലവു കണക്കുകൾ ലഭ്യമല്ല

2.തനത് ഫണ്ട് അക്കൗണ്ടുകളിൽ വിവിധ കാലയളവുകളിൽ മറ്റു ഏജൻസികളിൽ നിന്ന് ലഭ്യമായ ഫണ്ടുകളും ഉൾപ്പെടുന്നുണ്ട്. അവയുടെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ തനതു ഫണ്ട് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

3. ദുരിതാശ്വാസനിധി 5000 രൂപ ബുക്ക് അഡ്ജസ്റ്റ്മെന്റായി ചേർത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 194 | 8,51,48,518 | 117 | 4,92,46,499 | 7 | 77 | 110 | 57 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

154/19 പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജന യൂനിറ്റ് കെട്ടിട നിർമ്മാണം പ്ലാന്റ് സ്ഥാപിക്കൽ- പ്രാദേശികമായ എതിർപ്പ് കാരണം പ്ലാന്റ് നിർമ്മാണം ഉപേക്ഷിച്ചു

<u>നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 45,55,600 | 43,77,000 |
| വെറ്റിനറി സർജ്ജൻ | 9 | 8 | 30,04,000 | 22,54,000 |
| ഫിഷറീസ് | 2 | 2 | 4,78,320 | 4,74,960 |

| | | | | |
|---|---|---|---|---|
| സബ്ഇൻസ്പെക്ടർ | | | | |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 3,60,000 | 3,60,000 |
| വി ഇ ഒ I | 3 | 3 | 13,80,000 | 8,45,000 |
| വി ഇ ഒ II | 8 | 8 | 62,57,875 | 59,89,025 |
| മെഡിക്കൽ ഓഫീസർ,പി എച്ച് സി | 6 | 6 | 20,81,640 | 17,47,539 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 5,00,000 | 5,00,000 |
| ഹെഡ്മാസ്റ്റർ | 9 | 7 | 15,47,100 | 10,79,369 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 8 | 62,57,875 | 59,89,025 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 50,17,380 | 46,76,730 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 112 | 43 | 4,35,00,955 | 1,34,42,978 |
| സെക്രട്ടറി | 28 | 23 | 1,19,95,648 | 98,29,898 |
| | 194 | 117 | 8,51,48,518 | 4,92,46,499 |

സെക്രട്ടറി 28 പദ്ധതികൾ ഏറ്റെടുത്തതിൽ 23 എണ്ണമാണ് നടപ്പാക്കിയത്. ഇതിൽ തെരുവു വിളക്കുകൾ വാങ്ങുന്നതിനായി തയ്യാറാക്കിയ രണ്ടു പദ്ധതികളും ഉൾപ്പെടുന്നു. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് ലൈൻ വലിക്കുന്നതിനായി തയ്യാറാക്കിയ രണ്ടു പദ്ധതികളുടെ തുടർച്ചയായി നടപ്പാക്കേണ്ടതായിരുന്ന തെരുവു വിളക്കുകൾ വാങ്ങുന്നതിനായുള്ള പദ്ധതികളൊന്നും പ്രസ്തുത പദ്ധതികൾ പൂർത്തിയാകാത്തതിനാലാണ് തെരുവു വിളക്കുകൾ വാങ്ങുന്നതിനുള്ള പദ്ധതികൾ നടപ്പാക്കാതിരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനീയർ ഏറ്റെടുത്ത 112 പദ്ധതികളിൽ 43 എണ്ണം മാത്രമാണ് നടപ്പാക്കിയത്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം സ്ഥിരമായി ലഭ്യമാകാത്തതു കൊണ്ടാണ് 69 പദ്ധതികൾ നടപ്പാക്കാൻ കഴിയാതിരുന്നതെന്ന് അറിയിക്കുകയുണ്ടായി.

പദ്ധതി ആസൂത്രണം,നിർവ്വഹണം,മോണിറ്ററിംഗ്

(എ) ആസൂത്രണസമിതി- 2018-19 പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ആസൂത്രണ സമിതി രണ്ടു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.02/02/18 ന് ചേർന്ന യോഗത്തിൽ 2018-19 ലേക്കുള്ള പദ്ധതികൾ തയ്യാറാക്കാൻ വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കാനും മോണിറ്ററിംഗ് നടത്താൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശം നല്കാനുമാണ് തീരുമാനമെടുത്തിട്ടുള്ളത്. 2.10.18 ന ചേർന്ന യോഗത്തിന്റെ തീരുമാനത്തിലാകട്ടെ 2019-20 പദ്ധതി രൂപീകരണ ചർച്ചകൾക്ക് തുടക്കം

കുറിക്കൽ എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ചർച്ചകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ആസൂത്രണ സമിതി, നിക്ഷിപ്ത ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിലേക്കും തീരുമാനങ്ങൾ കൃത്യമായി മിനുട്സ് ചെയ്യുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കും ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

(ബി) വർക്കിംഗ് ഗ്രൂപ്പുകൾ

ഗ്രാമപഞ്ചായത്തിൽ പതിമൂന്ന് വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകൃതമായിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സിൽ പദ്ധതി അവലോകനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഉണ്ടായിരുന്നില്ല. പദ്ധതി രൂപീകരണത്തിനായുള്ള നിർദ്ദേശങ്ങൾ നല്കുന്നതിലേക്ക് മാത്രമായി വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ചുരുങ്ങിപ്പോകുന്നത് ഒട്ടും ആശാസ്യമല്ല. പദ്ധതി മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയായതിനാൽ മുഴുവൻ വർക്കിംഗ് ഗ്രൂപ്പുകളിലും പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ നടത്തുന്നുണ്ടെന്നും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതിലേക്ക് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(സി) സ്റ്റാൻഡിംഗ് കമ്മറ്റികൾ

നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള ചർച്ചകൾ നടത്തുന്നുണ്ടെന്നും കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് നിർദ്ദേശങ്ങൾ നല്കുന്നുണ്ടെന്നും സ്റ്റാൻഡിംഗ് കമ്മറ്റി മിനുട്സ് പരിശോധനയിൽ വ്യക്തമാകുന്നു. എന്നാൽ ഘടക സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിലും പാലിയേറ്റീവ് പരിചരണ പദ്ധതിയുടെയും അംഗണവാടി പ്രവർത്തനങ്ങളുടേയും വിലയിരുത്തലിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചതായി കാണുന്നില്ല.

സർക്കാർ നിർദ്ദേശത്തിൽ നിന്നും വ്യത്യസ്തമായി വാഹനം വാങ്ങുന്നതിന് 1200000രൂപ(സർക്കാർ നിർദ്ദേശപ്രകാരം വകയിരുത്താവുന്ന പരമാവധി തുക 1000000രൂപ) വകയിരുത്താൻ നിർദ്ദേശം നല്കിയത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുണ്ടായ അപാകമാണ്(തീരുമാനം നമ്പർ 109/18 തീയതി 07.07.2018) സർക്കാർ ഉത്തരവുകളും നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെട്ടു കൊണ്ടാണ് പദ്ധതിപ്രവർത്തനങ്ങളും മറ്റു വരവു ചെലവുകളും നടക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,039 | 2,16,192 | 2,19,231 | 2,10,355 | 8,876 |
| ഗുണഭോക്താക്കൾക്ക് | 0 | 1,20,39,757 | 1,20,39,757 | 1,20,39,757 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | | | | | |

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട മെഷർമെന്റുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ എടുക്കുന്ന അതേ രീതിയിലല്ല രേഖപ്പെടുത്തുന്നത്. ഉദാഹരണമായി , വിവിധ പറമ്പുകളിലായി മണ്ണ് ജല സംരക്ഷണ പ്രവൃത്തി നടത്തിയതിന്റെ അളവുകൾ ഒരു വരിയിൽ ഒരുമിച്ച് രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. അളവുകൾ എടുക്കുന്ന രീതിയിൽ തന്നെ , ഒഴിവാക്കേണ്ടുന്ന ഭാഗങ്ങളുണ്ടെങ്കിൽ ആയവ ഒഴിവാക്കിക്കൊണ്ടാണ് രേഖപ്പെടുത്തുന്നതെന്ന് മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 3,00,04,400 | 2434 |
| കർഷകതൊഴിലാളി പെൻഷൻ | 5,74,800 | 46 |
| വിധവാപെൻഷൻ | 1,51,52,000 | 1257 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 9,16,700 | 75 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 46,71,900 | 386 |

മരണമടഞ്ഞ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രെഡിറ്റ് ചെയ്യപ്പെടുന്നതുമായി ബന്ധപ്പെട്ട പരാമർശം ഖണ്ഡിക 1-18 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.08.19ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5796രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തരനിയന്ത്രണം

സ്റ്റാഫ് മീറ്റിംഗുകൾ കൃത്യമായ ഇടവേളകളിൽ ചേരുന്നുണ്ടെങ്കിലും ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നല്കുന്നതായി മിനട്സ് ചെയ്യപ്പെട്ടിട്ടില്ല. ഐ എസ് ഒ പ്രവർത്തനങ്ങളുമായും നികുതി പിരിവുമായും ബന്ധപ്പെട്ട നിർദ്ദേശങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്. നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടെന്ന് തൊട്ടടുത്ത മീറ്റിംഗിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്.

ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ അർഹത നഷ്ടപ്പെടുന്ന മുറക്ക് ക്ലെയിം സസ്പെൻഡ് ചെയ്യപ്പെടാത്തത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വന്ന പിഴവാണ്. ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളുടെ കാര്യത്തിലെങ്കിലും,ഡെത്ത് രജിസ്ട്രേഷന് നിലവിൽ ആധാർ നമ്പർ നിർബന്ധമാക്കിയ സാഹചര്യത്തിൽ, ഇത്തരത്തിലുള്ള അപാകങ്ങൾ ആവർത്തിക്കപ്പെടാതിരിക്കേണ്ടതായിരുന്നു.

ഓഫീസ് ഉത്തരവ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഓരോ സെക്ഷന്റെയും ചുമതലകൾ നിർവ്വചിച്ചു കൊണ്ടുള്ള വിശദമായ ജോലി വിഭജന രേഖ രേഖപ്പെടുത്തിയിട്ടില്ല.ആയത് മുൻവർഷങ്ങളിൽ തന്നെ തയ്യാറാക്കിയിരുന്നുവെന്ന് എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചിരുന്നുവെങ്കിലും പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

ജീവനക്കാരുടെ ആദായ നികുതി പ്രതിമാസ തവണകളായി ഈടാക്കി ഒടുക്കുന്നതിൽ പിഴവു വന്നിട്ടുണ്ട്. ആന്റിസിപ്പേറ്ററി ഇൻകം സ്റ്റേറ്റ്മെന്റ് ഫിബ്രവരി മാസത്തിൽ തന്നെ തയ്യാറാക്കി തൊട്ടടുത്ത വർഷത്തേക്കുള്ള ഏകദേശ നികുതി തുക കണക്കാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ തവണകൾ ശമ്പളത്തിൽ നിന്ന് പിടിച്ച് (ടി ഡി എസ്) ഒടുക്കു വരുത്തേണ്ടതുമാണ്. വർഷാവസാനം വലിയ തുക ആദായ നികുതി ഇനത്തിൽ ഒടുക്കു വരുത്തുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 12/08/19 | 7/2019 | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | കൃത്യമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | | |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

| | |
|---|---|
| 1 | ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല. |
| 2 | വസ്തുനികുതി അരിയർ ഡിമാന്റ് കലക്ഷൻ ബാലൻസ് തമ്മിൽ പൊരുത്തപ്പെടുന്നില്ല. |
| 3 | 2018-19 ബി9 ഷെഡ്യൂളിലെ Government and other dues payable CGST & SGST ഇനങ്ങൾ പ്രകാരമുള്ള AFSലെ തുകയും വൗച്ചർ പ്രകാരം ഒടുക്കിയ തുകയും തമ്മിൽ പൊരുത്തമില്ല. |
| 4 | വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ പ്രധാനപ്പെട്ട അക്കൗണ്ട് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. |
| 5 | സംയുക്ത പദ്ധതികൾക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ മുന്നിരിപ്പിൽ യഥാക്രമം 11,63,235 രൂപയും 306514 രൂപയും ജേണൽ എൻട്രി വഴി കുറവു വരുത്തിയതിന്റെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. |

# 1-12 വാണിജ്യാവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടത്തെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കി-ഗ്രാമപഞ്ചായത്തിന് വരവു നഷ്ടം

സി എസ് ഐ ചർച്ച്, മാടായി യുടെ ഉടമസ്ഥതയിലുള്ള പത്താം വാർഡിലെ 414-ാം നമ്പറിലുള്ള 312 ച മീ വിസ്തീർണ്ണമുള്ള കെട്ടിടം ആരാധനാലയങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ 71.75 ച മീ ഭാഗം വാടകയ്ക്കെടുത്ത് NRHM ഡിസ്പെൻസറി പ്രവർത്തിക്കുന്നതിന് പ്രതിമാസം 2851 രൂപ മാടായി ഗ്രാമ പഞ്ചായത്ത് വാടക നൽകി വരുന്നുണ്ട് . 2018-19 വർഷം 5/16 മുതൽ 11/18 വരെയുള്ള മാസങ്ങളിലെ വാടകയിനത്തിൽ 88,381 രൂപ വൌച്ചർ നം 218001067/26.12.18 പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (13/27-08-2019)

വാടകക്കെടുത്ത കാലം മുതൽ വസ്തുനികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കാമെന്നാണ് മറുപടി നല്കിയത്. കെട്ടിടത്തിന്റെ മറ്റേതെങ്കിലും ഭാഗങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതും ആയതിനനുസരിച്ച് കെട്ടിടത്തിന് വസ്തുനികുതി ചുമത്താനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-13 വസ്തു നികുതി-നികുതി നിർണ്ണയത്തിലെ അപാകങ്ങൾ

1. അന്തിമ വിജ്ഞാപനത്തിലെ പിശക് -വ്യക്തത വരുത്തേണ്ടതാണ്.

യു ഡി 1/8529/11 തിയ്യതി 26.12.2011 വസ്തുനികുതി അന്തിമ വിജ്ഞാപന പ്രകാരം (ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.12.11 ലെ124/11 നമ്പർ തീരുമാനം) മാടായി ഗ്രാമ പഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി 01.04.11 മുതൽ 5 വർഷ കാലം പ്രാബല്യത്തോടെ നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം ആശുപത്രികളുടെ അടിസ്ഥാന വസ്തുനികുതി നിരക്ക് 5 രൂപയും അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്ല്യാണ മണ്ഡപം, ആഡിറ്റോറിയം സിനിമാ തിയേറ്റർ, ലോഡ്ജ് എന്നിവയ്ക്ക് 5 രൂപയും ആണ് ഒരു ച. മീറ്ററിന് ഈടാക്കേണ്ട വസ്തുനികുതി. എന്നാൽ സഞ്ചയയിൽ ആശുപത്രി കെട്ടിടങ്ങളുടെ മേൽ ഈടാക്കി വരുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് 3 രൂപയും ലോഡ്ജിന് 30 രൂപയുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/27.08.2019) ആശുപത്രി കെട്ടിടത്തിന് 3 രൂപ നിരക്കിൽ ഈടാക്കാനാണ് കരട് രേഖ പ്രസിദ്ധീകരിച്ചിരുന്നതെന്നും പത്ര പരസ്യം വന്നപ്പോൾ 5 രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിപ്പോയതാണെന്നുമാണ് മറുപടി നല്കിയത്. എന്നാൽ ആയത് വ്യക്തമാക്കുന്ന രേഖകളൊന്നും ഹാജരാക്കുകയുണ്ടായില്ല. ഈ വിഷയത്തിൽ അന്വേഷണം നടത്തി നികുതി നിരക്കിൽ വ്യക്തത വരുത്തേണ്ടതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. വസ്തു നികുതി-നിർമ്മാണം പൂർത്തിയായ തീയതി മുതൽ അസസ്ചെയ്തില്ല-668രൂപ ഈടാക്കേണ്ടതാണ്

2011 -ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിൻമേലുള്ള സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരം [1996 ലെ കേരള പഞ്ചായത്ത് രാജ് (കെട്ടിട നികുതിയും അതിൻമേലുള്ള സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 18 കൂടി കാണുക] ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഗ്രാമ പഞ്ചായത്തുകൾക്ക് ബാധകമായ കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ ഏതെങ്കിലും കെട്ടിടം പണിയുകയോ, പുതുക്കി പണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ, കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത്, ആ തീയതി മുതൽ പതിനഞ്ചു ദിവസത്തിനകം, കെട്ടിട ഉടമ സെക്രട്ടറിക്ക് അത് സംബന്ധിച്ച നോട്ടീസും ചട്ടം11 പ്രകാരമുള്ള വസ്തു നികുതി റിട്ടേണും സമർപ്പിക്കേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വാർഷിക വസ്തു നികുതി

നൽകാൻ അയാൾ ബാദ്ധ്യസ്ഥനാകുന്നതുമാണ്. കൂടാതെ ഒന്നാം ഉപചട്ട പ്രകാരമുള്ള നോട്ടീസ് നല്കുന്നതിന് വിഴ്ചവരുത്തുന്ന ആളുടെമേൽ സെക്രട്ടറിക്ക് 500-രൂപയിൽ കവിയാത്ത തുക പിഴയായും ചുമത്താവുന്നതാണ്.

1 VIII 59/A നമ്പർ കെട്ടിട ഉടമസ്ഥനായ കോമത്ത് സുനീഷ് 14.08.17ന് കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി ഗ്രാമപഞ്ചായത്തിൽ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ആയതുപ്രകാരം 2017-18 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 18-19 വർഷം മുതലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് .

2.XX-ാം വാർഡിലെ കെ ടി അബ്ദുൾ നാസറിന്റെ ഉടമസ്ഥതയിലുള്ള 241/A നമ്പർ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതായി റവന്യൂ ഡിവിഷണൽ ഓഫീസർ , തലശ്ശേരിക്ക് 25.11.2017 ന് നൽകിയ അപേക്ഷയിൽ വ്യക്തമാക്കിയിട്ടുണ്ട്. ആയതുപ്രകാരം 2017-18 രണ്ടാം അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 18-19 വർഷം മുതലാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് . വിശദാംശങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിട നിർമ്മാണം പൂർത്തിയാക്കിയ തിയ്യതി | വിസ്തീർണ്ണം (ച മീ) | 2018-19ൽ ഈടാക്കിയ നികുതി | 2017-18രണ്ടാം അർദ്ധവർഷം ഈടാക്കേണ്ടിയിരുന്ന നികുതി |
|---|---|---|---|---|---|
| VIII-59/A | കോമത്ത് സുനീഷ് | 14.08.2017 | 211.22 | 634+32 | 317+16(L.C) = 333 രൂപ |
| XX-241/A | കുന്നരുവത്ത് തെക്കെപുരയിൽ അബ്ദുൾ നാസർ | 25.11.2017 | 265.74 | 638+32 | 319+16 (L.C.) = 335 രൂപ |
| ആകെ | | | | | 636+32 (L.C) 668 രൂപ |

3.അനധികൃത കെട്ടിട നിർമ്മാണം – പൂർത്തിയായ തീയതി മുതൽ നികുതി ഈടാക്കാത്തത് – 9354രൂപ ഈടാക്കേണ്ടതാണ്

മാടായി ഗ്രാമ പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ പറയുന്ന നികുതിദായകരിൽ നിന്നും മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ പാലിക്കാതെയാണ് വസ്തു നികുതി ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു .

| നികുതി ദായകരുടെ | ഫയലിലെ രേഖകൾ | കെട്ടിട ത്തിന്റെ | കെട്ടിട ത്തിന്റെ | ഈടാക്കിയ നികുതി, | ഈടാക്കേ ണ്ടിയിരുന്ന | കുറവു വന്ന തുക |
|---|---|---|---|---|---|---|

| പേര് വാർഡ് നം /കെട്ടിട നം | പ്രകാരം പണി പൂർത്തിയാക്കിയ തീയ്യതി | വിസ്തീർണ്ണം (ച. മീ) | അടിസ്ഥാന വാർഷിക വസ്തു നികുതി | വർഷം | വർഷം (പണി പൂർത്തിയായ തീയ്യതി കണക്കിലെടുത്താൽ) | |
|---|---|---|---|---|---|---|
| കൊയിലേരിയൻ ഭാരതി XII 38/A UA | 08.02.17 | 64.55 | 194+10 | 582+30 2018 -19 (Ist half മുതൽ) | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ | 582+30 = 612 |
| കുന്നരുവത്ത് വടക്കെപൂരയിൽ മുഹമ്മദലി X111 436/A(UA) | 19.12.16 | 174.33 | 418.39 +21 | 1257+63 2018 -19 (Ist half മുതൽ) | 2016-17 രണ്ടാം അർദ്ധ വർഷം മുതൽ, | 628+31 1257+63 =1979 |
| മഠത്തിൽ ബൽക്കിസ് XIV 635/A(UA) | 18.02.17 | 135.27 | 325+16 | 975+44 2018 -19 (Ist half മുതൽ) | 2017-18 ഒന്നാം അർദ്ധ വർഷം മുതൽ | 975+44 = 1019 |
| ഷൌക്കത്തലി ഇബ്രാഹിം XIV 535 | 04.05.15 | 236.34 | 567+28 | 1704+86 2018 -19 (Ist half മുതൽ) | 2015-16 2016-17 2017-18 | (1704+86) *3 =5370 |
| കാരിച്ചൻ വീട്ടിൽ ജമീല XVIII 445 A | 17.07.17 | 78.74 | 237+12 | 711+36 2018 -19 (Ist half മുതൽ) | 2017-18 രണ്ടാം അർദ്ധ വർഷം മുതൽ, | 356+18 ൈ 374 |
| | | | | | | 9354രൂപ |

9354രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 പെർമിറ്റ് രജിസ്റ്റർ മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തി കാലീകമാക്കി സൂക്ഷിക്കേണ്ടതാണ്.

2018-19 വർഷത്തെ പെർമിറ്റ് രജിസ്റ്ററിൽ നിർമ്മാണം പൂർത്തിയാക്കിയ /ഒക്യുപെൻസി തിയ്യതി , നികുതി നിർണ്ണയം നടത്തിയതിന്റെ അസ്സസ്മെന്റ് നമ്പർ, ചുമത്തിയ വസ്തു നികുതി എന്നിവ രേഖപ്പെടുത്താത്തതിനാൽ പെർമിറ്റെടുത്ത് കെട്ടിട നിർമ്മാണ പൂർത്തിയാക്കിയ മുഴുവൻ കെട്ടിടങ്ങൾക്കും നികുതി നിർണ്ണയം നടത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായതായോ പെർമിറ്റ് പുതുക്കിയതായോ രേഖപ്പെടുത്തുന്നില്ല. ഉദാഹരണങ്ങൾ ചുവടെ പട്ടികയിൽ കൊടുക്കുന്നു

| രജിസ്റ്ററിലെ ക്രമ നം | അപേക്ഷ നം | പേര് | പെർമിറ്റ് നം |
|---|---|---|---|
| 19 | A1/707/15/ 08.12.15 | ശാന്ത കോഴിബസാർ | പെർമിറ്റ് നൽകിയിട്ടുണ്ടോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 22 | A1/781/15 08.02.15 | സുഫറ നരിക്കോടൻ | A1/07/15-02.03.15 to 01.03.18 |
| 27 | A1/920/15 11.02.15 | പോള കുഞ്ഞിരാമൻ | പെർമിറ്റ് നൽകിയിട്ടുണ്ടോ എന്ന വിവരം രേഖപ്പെടുത്തിയിട്ടില്ല |
| 28 | A1/919/15 11.02.15 | പോള ജാനകി | A1/213/15 15.05.15 to14.05.18 |
| 29 | A1/981/15 12.02.15 | മിന്നിക്കാരൻ കുഞ്ഞികൃഷ്ണൻ | A1/10/15 06.03.15 to 05.03.18 |

## 1-15 എഫ്.ടി.ഇ. & ഒ.എസ്. ലൈസൻസ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

1.ജി ഒ (പി ) നം 80/2017/തസ്വഭവ/31.10.2017 ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് പട്ടിക 2 മാറ്റം വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം,ലൈസൻസ് ഫീസ് വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചുമത്തുന്നത് മാറ്റി മൂലധന ചെലവിന്റെ അടിസ്ഥാനത്തിലാക്കിയിട്ടുണ്ട്. 3.02.2018 ലെ ഭരണസമിതി തീരുമാനം നം 06/18(3) പ്രകാരം പ്രസ്തുത മാറ്റം നടപ്പിലാക്കുന്നതിലേക്കായി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും 2018-19 വർഷം ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്

വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പഴയ രീതിയിൽ തന്നെയാണ്.(മൂലധന ചെലവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടും പഴയരീതിയിൽ ഫീസ് ഈടാക്കിയത് ശരിയല്ല.)

2. 1996 ലെ ഡി & ഒ ലൈസൻസ് ചട്ടങ്ങൾ ചട്ടം 7 പ്രകാരം സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റുവരവിന്റ അടിസ്ഥാനത്തിൽ പട്ടിക 2 പ്രകാരമുള്ള ലൈസൻസ് ഫീസ് ചുമത്തേണ്ടതാണ്. എന്നാൽ 2018-19 വർഷത്തേക്ക് ലൈസൻസിനായി അപേക്ഷിച്ച ഭൂരിഭാഗം അപേക്ഷകരും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല അപേക്ഷയിന്മേൽ അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥനും ലൈസൻസ് ഫീസ് ഈടാക്കുന്നതിന് അടിസ്ഥാനമാക്കിയ വിറ്റുവരവ് എത്രയാണെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല ഇക്കാരണത്താൽ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയതിന്റ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

3. സാനിറ്റേഷൻ സാക്ഷ്യപത്രം അപേക്ഷയുടെ ഭാഗമാക്കിയിട്ടില്ല.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ റേഷൻ കടകളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കുള്ള ലൈസൻസ് ചട്ടങ്ങൾ)-ചട്ടം 3 പട്ടിക 1 ക്രമനമ്പർ 149 കാണുക)

# 1-16 കരാറുകാർക്ക് ഇളവ് അനുവദിക്കുന്നത്- ചട്ടപ്രകാരമുള്ള നിബന്ധന പാലിക്കപ്പെട്ടിട്ടില്ല

1998 ലെ പാട്ടക്കാർക്കും കരാറുകാർക്കും കിഴിവ് അനുവദിക്കൽ ചട്ടങ്ങളിലെ ചട്ടം 5(4) പ്രകാരം പാട്ടക്കാർക്കും കരാറുകാർക്കും 10000രൂപയിൽ കൂടുതൽ ഇളവ് അനുവദിക്കുന്ന സംഗതിയിൽ സർക്കാരിന്റെ അനുമതി ആവശ്യമാണ്.ഗ്രാമപഞ്ചായത്ത് ഭരണ സമിതി മിനുട്സ് പരിശോധിച്ചതിൽ താഴെ പറയും പ്രകാരം ലേല തുകയിൽ ഇളവ് അനുവദിക്കാൻ തീരുമാനിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രം.നമ്പർ | ഇനം | തീരുമാനം നമ്പർ | ഇളവനുവദിച്ചത് | കരാറുകാരൻ |
|---|---|---|---|---|
| 01 | ചേരിക്കള്ളിമഞ്ച ലേലം | 2/2019 തീയ്യതി 21.03.19 | 16400 | ശ്രീ. ശരത് പി. |
| 02 | മുട്ടം കൺകെട്ട ചിറ ലേലം | 8/2018 തീയ്യതി 03.10.18 | 30000 | ശ്രീ. മുത്തലിബ് |

ഇളവ് അനുവദിക്കുന്നതിനു മുമ്പ് സർക്കാർ അനുമതി വാങ്ങിയിരുന്നില്ലെന്നാണ് സെക്രട്ടറി എക്സിറ്റ് മീറ്റിംഗിൽ അറിയിച്ചത്. ആയത് ശരിയല്ല.തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി ഈടാക്കുന്നില്ല

അംഗണവാടി വർക്കർമാരിൽ നിന്നും ഹെൽപ്പർമാരിൽ നിന്നും ജനപ്രതിനിധികളല്ലാത്ത മറ്റ് ഓണറേറിയം ജീവനക്കാരിൽ നിന്നും റേഷൻ കടക്കാരിൽ നിന്നും മറ്റും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് തലത്തിൽ ട്രെയ്ഡേഴ്സ് ലിസ്റ്റും സ്ഥാപനങ്ങളുടെ ലിസ്റ്റും തയ്യാറാക്കേണ്ടതും തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാൻ വിട്ടു പോയിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-18 ക്ഷേമപെൻഷൻ- മരണമടഞ്ഞ ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേക്ക് പെൻഷൻ തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നത്,അന്വേഷണ വിധേയമാക്കേണ്ടതാണ്

മാടായി ഗ്രാമപഞ്ചായത്തിലെ ഡെത്ത് രജിസ്റ്റർ അടിസ്ഥാനമാക്കി, മരണപ്പെട്ട വ്യക്തികളുടെ ആധാർ നമ്പർ സേവന വെബ്സൈറ്റിൽ റാൻഡം ചെക്കിംഗ് നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട് ഒരു വർഷത്തിലധികമായിട്ടും നാളിതു വരെ പെൻഷൻ സസ്പെൻഡ് ചെയ്യാതെ ബാങ്ക് അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്

| പേര് | ആധാർ നമ്പർ | പെൻഷൻ ഐ ഡി | മരണപ്പെട്ട തീയതി | റിമാർക്സ് |
|---|---|---|---|---|
| അബ്ദുൾ കരീം .കെ | 797219863938 | 110990201732 | 17.11.2017 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.നാളിതു വരെ ക്ലെയിം സസ്പെന്റ് ചെയ്തിട്ടില്ല |
| ചന്ദ്രൻ പി വി | 728696089003 | 110990200911 | 11.01.2018 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ |

| | | | | |
|---|---|---|---|---|
| | | | | ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.നാളിതു വരെ ക്ലെയിം സസ്പെന്റ് ചെയ്തിട്ടില്ല |
| രാഘവൻ താഴത്തിടത്ത് | 556308110494 | 110990201484 | 06.01.2018 | 4/2019 വരെയുള്ള മാസങ്ങളിലെ പെൻഷൻ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.നാളിതു വരെ ക്ലെയിം സസ്പെന്റ് ചെയ്തിട്ടില്ല |
| അബ്ദുൾ സലാം .എ പി വി | 531919159069 | 11990202064 | 31.03.18 | 7/2018 വരെയുള്ള മാസങ്ങളിലെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിലവിൽ അക്കൗണ്ട് ക്ലോസ്ഡ് ആയതിനാൽ ക്രെഡിറ്റ് ആയിട്ടില്ല എന്നും സേവനയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. |

ഇതു കൂടാതെ പറമ്പൻ രാധ എന്ന വ്യക്തിയുടെ മരണവും മാടായി ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ടിയാരി കണ്ണൂർ കോർപ്പറേഷനിലെ പെൻഷൻ ഗുണഭോക്താവാണെന്ന് അറിയിച്ചിട്ടുണ്ട്. ടിയാരിയുടെ വാർദ്ധക്യകാല പെൻഷനും 4/2019 വരെയുള്ള മാസങ്ങളിലേത് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ മരണങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുമ്പോൾ സേവന സോഫ്റ്റ് വെയറിൽ ആധാർ നമ്പർ ചേർത്തു നോക്കി പെൻഷൻ ഗുണഭോക്താവാണോ എന്ന് പരിശോധിക്കേണ്ടതും അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനത്തെ വിവരം അറിയിച്ച് യഥാസമയം പെൻഷൻ സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

ഡെത്ത് രജിസ്റ്ററിലെ ആധാർ നമ്പർ മുഖേന ,മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടേതുൾപ്പെടെ സേവന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തി, അനർഹരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ

ക്രെഡിറ്റ് ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്. ധനവകുപ്പിന്റെ 26.07.18-ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്.

അധികം നല്കിയ തുക തിരിച്ചു പിടിച്ച് തിരികെ ഒടുക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

# 1-19 ഭവന പുനരുദ്ധാരണം വാലേഷൻ സർട്ടിഫിക്കേറ്റില്ലാതെ ധനസഹായം നൽകിയത് ക്രമവിരുദ്ധം -75000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

പ്രോജക്ടിന്റെ പേര് : ഭവന പുനരുദ്ധാരണം(പട്ടിക ജാതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ വി ഇ ഒ, പുതിയങ്ങാടി

പ്രോജക്ട് നം :145/19 ( 147/18 ന്റെ സ്പിൽ ഓവർ പ്രോജക്ട് )

ഭരണാനുമതി 4/7.5.2018

ചെലവ് 1)75000 (ബിൽ നം.10/27.1.2018)

2)75000(ബിൽ നം.2/15.5.2018)

ആകെ :150000 രൂപ.

എ)<u>പരസ്പര വിരുദ്ധമായ എസ്റ്റിമേറ്റുകൾ.</u>

ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായം ലഭിക്കുന്നതിന് സബ്സിഡി മാർഗ്ഗരേഖയിൽ പറയുന്ന വിധം വീട്ടുടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഭിത്തിപ്പണി,കല്ല് കെട്ട്,തേപ്പ് എന്നിവക്കായി 50000 രൂപയും തറപണി,പ്ലാസ്റ്ററിംഗ് മുതലായ പ്രവൃത്തികൾക്കായി 45000 രൂപയും മേൽക്കൂര ചോർച്ച മാറ്റുന്നതിനായി 90000 രൂപയും ഉൾപ്പെടെ ആകെ 185000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും അത് അസി.എഞ്ചിനീയർ മേലൊപ്പ് ചാർത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ അസി.എഞ്ചിനീയർ തയ്യാറാക്കിയിരിക്കുന്നത് മേൽക്കൂര മാറ്റി കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രവൃത്തികളും ഭാഗീകമായി തറയിൽ ടൈൽ പാകുന്നതിനുള്ള പ്രവൃത്തികളും

ഉൾപ്പെടെ ആകെ 169634.25 രൂപയുടെ എസ്റ്റിമേറ്റാണ്. വീട്ടുടമസ്ഥൻ ആവശ്യപ്പെട്ടതിൽ നിന്നും വ്യത്യസ്തമായ എസ്റ്റിമേറ്റാണ് തയ്യാറാക്കപ്പെട്ടതെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഇത്തരത്തിൽ എസ്റ്റിമേറ്റുകൾ രണ്ടും വ്യത്യസ്തമായതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

ബി)<u>അസി.എഞ്ചിനീയറുടെ മൂല്യനിർണ്ണയമില്ലാതെ ധനസഹായം അനുവദിച്ചു.</u>

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭവന പുനരുദ്ധാരണത്തിന് ധനസഹായം ലഭിക്കുന്നതിന് ചെയ്ത പ്രവൃത്തികളുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രം അസി.എഞ്ചിനീയർ തയ്യാറാക്കേണ്ടതുണ്ട്.എന്നാൽ ഇത് ലഭ്യമാക്കാതെയാണ് രണ്ടാം ഗഡു ധനസഹായമായി 75000 രൂപ നൽകിയിരിക്കുന്നത്.ആയതിനാൽ തന്നെ ഏതൊക്കെ പ്രവൃത്തികൾ എത്ര അളവിലാണ് ചെയ്തതെന്ന് വ്യക്തമല്ല.ഇക്കാര്യം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി വാല്വേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടുപോയതാണെന്നും ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിന് ലഭ്യമാക്കുന്നതുമാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. വാല്വേഷൻ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 75000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.
മേൽക്കൂര മാറ്റലിനും ഭവന പുനരുദ്ധാരണത്തിനും വ്യത്യസ്ത നിരക്കുകളിലാണ് സബ്സിഡി അനുവദനീയമായിട്ടുള്ളത് എന്ന കാര്യവും ശ്രദ്ധയിൽ പെടുത്തുന്നു.

# 1-20 ധനസഹായം ലഭിച്ചിട്ടും വീട് /കിണർ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

വിവിധ പദ്ധതികളുടെ കീഴിൽ ധനസഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും. | പ്രൊജക്ടിന്റെ പേര്. | ധനസഹായം നൽകിയ വർഷം. | ആകെ നൽകിയ തുക. | നിലവിലെ അവസ്ഥ. |
|---|---|---|---|---|---|
| 1 | രമ്യ ഇ,തെക്കൻ ഹൌസ്,മൂലക്കീൽ | ഭവന നിർമ്മാണം | 2013-14 | 140000 | ലൈഫ് -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും പൂർത്തീകരിച്ചിട്ടില്ല. |
| 2 | മനോഹരൻ മഞ്ഞേരിവളപ്പിൽ,വെങ്ങര | ഭവന നിർമ്മാണം | 2009-10 | 67500 | |
| 3 | മാടൻ ഷാൻകുമാർ,മാടൻ ഹൈസ് ,മൂലക്കീൽ | ഭവന നിർമ്മാണം | 2013-14<br>2017-18 | 80000<br>100000 | |
| 4 | കല്ലേൻ മാഗി,ബീച്ച് റോഡ് | ഭവന നിർമ്മാണം | 2009-10<br>2017-18 | 22500<br>50000 | ഭാര്യയും ഭർത്താവും മരണപ്പെട്ടു. |

| | | | | | |
|---|---|---|---|---|---|
| 5 | റുഖിയ ഉള്ളികുന്നുമ്മൽ | ഭവന നിർമ്മാണം | 2009-10 | 22500 | ബോധ്യപ്പെട്ടു. |
| 6 | തെക്കേവീട്ടിൽ പാറു | ഭവന നിർമ്മാണം | 2009-10 | 22500 | |
| 7 | സത്യൻ പി | കിണർ നിർമ്മാണം | 2013-14 | 7500 | കിണർ നിർമ്മാണത്തിന് അഡ്വാൻസ് കൈപ്പറ്റി പൂർത്തീകരിച്ചിട്ടില്ല. |

മേല്പറഞ്ഞവരിൽ ക്രമ നം. 1,2,3,7 എന്നിവയിലെ ഗുണഭോക്താക്കളുടെ ഭവന/കിണർ നിർമ്മാണ പ്രവൃത്തികൾ ത്വരിത ഗതിയിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം അനുവദിച്ച തുക 18 ശതമാനം പലിശ സഹിതം തിരികെ ഈടാക്കുകയും ചെയ്യേണ്ടതാണ്.

# 1-21 ബഡ്സ് സ്കൂളിന് ഫണ്ട്- പിരിച്ചെടുക്കുന്ന തുക ക്രഡിറ്റ് ചെയ്യുന്നതിൽ കാലതാമസം

മാടായി ഗ്രാമപഞ്ചായത്തിലെ ബഡ്സ് സ്കൂളിന്റെ പ്രവർത്തനാവശ്യത്തിനായി സർക്കാർ ഉത്തരവ് (എം.എസ് )നം.20/2018/ ത.സ്വ.ഭ.വ തി.7.2.2018 പ്രകാരം പൊതുജനങ്ങളിൽനിന്നും സംഭാവന സ്വീകരിക്കുകയും ഈ ആവശ്യത്തിനായി തുറന്നിരിക്കുന്ന അക്കൌണ്ട് നം.40474100009731 (ഗ്രാമീൺ ബാങ്ക്, പഴയങ്ങാടി)ൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ പിരിച്ചെടുത്തിരിക്കുന്ന തുകകൾ അക്കൌണ്ടിൽ അടവാക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ.

| കാലയളവ് | പിരിച്ചെടുത്ത തുക | അക്കൌണ്ടിൽ നിക്ഷേപിച്ച തിയതി |
|---|---|---|
| 5.6.2018 മുതൽ 14.9.2018 | 17650 | 14.9.2018 |
| 17.9.2018 മുതൽ 23.10.2018 | 12600 | 2.11.2018 |
| 5.11.2018 മുതൽ 31.12.2018 | 5300 | 31.12.2018 |
| 17.12.2018 മുതൽ 11.1. 2019 | 5900 | 14.1.2019 |
| | | |

| | | |
|---|---|---|
| 15.1.2019 മുതൽ 7.2.2019 | 8900 | 7.2.2019 |
| 8.2.2019 മുതൽ 2.3.2019 | 7950 | 5.3.2019 |

തുക പിരിച്ചടുക്കുന്നതിന് ഉപയോഗിച്ച രസീത് പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.നിലവിൽ ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി സംഭാവന പിരിക്കുന്നില്ല.ഇത്തരം ആവശ്യങ്ങൾക്കായി ഭാവിയിൽ തുക പിരിക്കുമ്പോൾ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതും പിരിവ് തുകകൾ അതാത് ദിവസം തന്നെ അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്.

# 1-22 വിവിധ ഏജൻസികളിൽ നിന്നും മുൻവർഷങ്ങളിലുൾപ്പെടെ ലഭിച്ച തുക വിനിയോഗിക്കാതെ അവശേഷിക്കുന്നത്- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ശുചിത്വമിഷൻ , വിദ്യാഭ്യാസ വകുപ്പ് തുടങ്ങി വിവിധ ഏജൻസികളിൽ നിന്ന് മുൻവർഷങ്ങളിൽ ഉൾപ്പെടെ ലഭ്യമായ തുകയിൽ ഓഡിറ്റ് വർഷം വരെ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | തുക ലഭിച്ച വർഷം | പദ്ധതി | വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക | വിനിയോഗിക്കാതിരിക്കാൻ കാരണം | ഏത് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടത് |
|---|---|---|---|---|---|
| 1 | 2013-14 | ഭൂരഹിതർക്ക് ഭൂമി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 637500 | പദ്ധതി പൂർത്തിയായി | വ്യക്തമാക്കപ്പെട്ടിട്ടില്ല |
| 2 | 2014-15 | ഭൂരഹിതർക്ക് ഭൂമി-ബ്ലോക്ക് പഞ്ചായത്ത് വിഹിതം (എസ് സി പി) | 750000 | പദ്ധതി പൂർത്തിയായി | വ്യക്തമാക്കപ്പെട്ടിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 3 | 2015-16 | ഭവനനിർമ്മാണം (എസ് സി പി)-ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 560000 | പദ്ധതി പൂർത്തിയായി | വ്യക്തമാക്കപ്പെട്ടിട്ടില്ല |
| 4 | 2015-16 | ലൈഫ് ഭവന നിർമ്മാണം-ജില്ലാ പഞ്ചായത്ത് വിഹിതം | 145000 | പദ്ധതി പൂർത്തിയായി | വ്യക്തമാക്കപ്പെട്ടിട്ടില്ല |
| 5 | 2013-14 | ബഡ്സ്സ്കൂൾകെട്ടിട നിർമ്മാണം-ജില്ലാപഞ്ചായത്ത് വിഹിതം | 197923 | പദ്ധതി പൂർത്തിയായി | വ്യക്തമാക്കപ്പെട്ടിട്ടില്ല |
| 6 | 2013-14<br>240<br>2014-15<br>8525 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 8765 | പദ്ധതി പൂർത്തിയായി | വ്യക്തമല്ല |
| 7 | വ്യക്തമല്ല | തുമ്പൂർമുഴി | 1200000 | പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ട് | പഞ്ചാബ് നാഷണൽ ബാങ്ക് |
| 8 | വ്യക്തമല്ല | ഒഡിഎഫ് | 58800 | ,, | ,, |
| 9 | വ്യക്തമല്ല | ബഡ്സ്സ്കൂൾ ഗ്രാന്റ് | 129354 | വ്യക്തമാക്കിയിട്ടില്ല | ,, |
| 10 | വ്യക്തമല്ല | ബഡ്സ്സ്കൂൾ ഗ്രാന്റ് | 8061 | പദ്ധതി പൂർത്തിയായി | ,, |

ഇതിനു പുറമേ 2016-17 സാമ്പത്തിക വർഷം ഇ എം എസ് ഭവന നിർമ്മാണ പദ്ധതി അക്കൗണ്ടിൽ നിന്നും വിഇ ഒ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ച തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുകയോ സർക്കാർ നിർദ്ദേശാനുസരണം വിനിയോഗിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

2018-19 ൽ സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വിവരങ്ങൾ ഭാഗം 4 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക ഫണ്ടിംഗ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി തിരിച്ചടക്കുകയോ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

# 1-23 ദാരിദ്ര്യ രേഖക്ക് താഴെയുള്ള വൃദ്ധർക്ക് കട്ടിൽ -വിതരണത്തിലെ കാലതാമസത്തിന് സ്റ്റോർ പർച്ചേസ് മാനവൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചില്ല.

പ്രോജക്ട് നം :146/19

ഭരണാനുമതി : 4/7.5.2018

(516000 വികസന ഫണ്ട്,1650 തനത് ഫണ്ട് )

നിർവ്വഹണ ഉദ്യാഗസ്ഥ:ഐ.സി.ഡി.എസ് സൂപ്പർവൈസർ.

ചെലവഴിച്ച തുക :496230 രൂപ(ബിൽ നം 4/23.8.2018)

എ)കട്ടിലുകൾ വിതരണം ചെയ്യുന്നതിലെ കാലതാമസം പ്രോജക്ട് സ്പിൽ ഓവറാവുന്നതിന് കാരണമായി.

2017-18 വർഷത്തിൽ 180/18 നമ്പർ പ്രോജക്ടായി തുടങ്ങിയ പദ്ധതിയാണിത്.ഇതിന്റെ ഭാഗമായി എ2/3654/2017(5) തി.27.4.2017 പ്രകാരം ഇ-ടെൻഡർ ക്ഷണിക്കുകയും ഇതിൽ ഏറ്റവും കുറഞ്ഞ നിരക്കായ 4170രൂപ ക്വാട്ട് ചെയ്ത കോസ്റ്റൽ ഫർണ്ണിച്ചർ കടലുണ്ടി എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ഗ്രാമപഞ്ചായത്ത് 260/2017(5) നമ്പർ തീരുമാനത്തിലൂടെ അംഗീകരിക്കുകയും ചെയ്തു.തുടർന്ന് I-(1) /2018തി.25.1.2018 കത്ത് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ ആവശ്യപ്പെട്ടതനുസരിച്ച് 1/ICDS/MDYതി.29.1.2018 നമ്പറായി കരാർ ഉടമ്പടി ചമക്കുകയും ചെയ്തിരുന്നു. മേൽ ഉത്തരവ് പ്രകാരം 7 ദിവസത്തിനുള്ളിൽ കട്ടിലുകൾ എത്തിക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നത്.എന്നാൽ ഈ സ്ഥാപനം കട്ടിലുകൾ ലഭ്യമാക്കിയത് താഴെ പറയുന്ന തിയ്യതികളിലാണ്.

| ഇൻവോയ്സ് നം/തിയ്യതി | തുക | ലഭ്യമാക്കിയ കട്ടിലുകളുടെ എണ്ണം. |
|---|---|---|
| നം ഇല്ല/6.7.2018 | 287730 | 69 |
| നം ഇല്ല/28.7.2018 | 208500 | 50 |

നിശ്ചിത സമയപരിധിക്കുള്ളിൽ കരാറുകാരൻ കട്ടിലുകൾ ലഭ്യമാക്കാതെ വന്നപ്പോൾ കരാറുകാരന് പലതവണ വിതരണത്തിനുള്ള സമയപരിധി നീട്ടിക്കൊടുക്കുകയും പ്രോജക്ട് സ്പിൽ ഓവറാക്കുകയുമാണ് ഉണ്ടായത്.

മുകളിൽപറഞ്ഞ സപ്ലൈ ഓർഡറിൽ പറഞ്ഞിരുന്ന സമയ പരിധിക്കുള്ളിൽ കട്ടിലുകൾ വിതരണം ചെയ്യുന്നതിന് സാധിക്കാത്തതിനാൽ സമയപരിധി നീട്ടിത്തരണമെന്ന് കോസ്റ്റൽ ഫർണ്ണിച്ചർ അപേക്ഷ സമർപ്പിക്കുകയും 29.3.2018 വരെ സമയപരിധി നീട്ടിനൽകുകയും ചെയ്തിരുന്നു.എന്നാൽ ഇക്കാലയളവിനുള്ളിലും സ്ഥാപനം കട്ടിലുകൾ ലഭ്യമാക്കാതിരുന്നതിനെ തുടർന്ന് സ്ഥാപനം വീണ്ടും സമയപരിധി നീട്ടുന്നതിന് ആവശ്യപ്പെടുകയും 20.6.2018 വരെ സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തു.എന്നാൽ ഈ സമയപരിധിയും സ്ഥാപനം ലംഘിക്കുകയും തുടർന്ന് പഞ്ചായത്ത് അധികൃതർ സ്ഥാപന അധികാരികളെ നേരിൽ കണ്ട് സാധനങ്ങൾ ലഭ്യമാക്കണമെന്ന് അന്ത്യശാസനം നൽകിയതിനെ തുടർന്നാണ് കട്ടിലുകൾ പഞ്ചായത്തിന് ലഭ്യമായത്.

ബി)<u>കരാർ വ്യവസ്ഥ-കാലതാമസത്തിന് പിഴയീടാക്കിയില്ല.</u>

കോസ്റ്റൽ ഫർണ്ണിച്ചർ നിർവ്വഹണ ഉദ്യോഗസ്ഥയുമായി ചമച്ച കരാർ ഉടമ്പടിയിൽ 5(b) ഖണ്ഡികയിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസത്തിന് ഈടാക്കുന്ന പിഴ 0.5 അല്ലെങ്കിൽ 1 ശതമാനമെന്നാണ് പറഞ്ഞിരിക്കുന്നത്. (സ്റ്റോർ പർച്ചേസ് മാന്വൽ 10.30 പ്രകാരം സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിൽ വരുന്ന കാലതാമസത്തിന് കരാർ പ്രകാരമുള്ള സാധന സാമഗ്രികളുടെ വിലയുടെ .5 മുതൽ 10 ശതമാനം വരെയുള്ള തുക പ്രതിവാര തോതിൽ കണക്കാക്കി പിഴയായി ഈടാക്കാവുന്നതാണ്.).മുകളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ കട്ടിലുകൾ വിതരണം ചെയ്യുന്നതിനുള്ള അവസാന തിയ്യതിയായ 20.6.2018 ന് ശേഷം ആദ്യ ഘട്ടം കട്ടിലുകൾ ലഭ്യമാക്കിയത് രണ്ടാഴ്ചക്ക് ശേഷമാണെങ്കിൽ അവശേഷിക്കുന്നവ ലഭ്യമാക്കിയത് അഞ്ച് ആഴ്ചകൾക്ക് ശേഷമാണ്. എന്നാൽ മുകളിൽ പറഞ്ഞ വ്യവസ്ഥ പ്രകാരമുള്ള പിഴ വിതരണക്കാരിൽനിന്നും ഈടാക്കിയിട്ടില്ല.

സാധന സാമഗ്രികൾ വിതരണം ചെയ്യുന്നതിന് കരാർ ഉടമ്പടി ചമക്കുമ്പോൾ സമയപരിധി നിശ്ചയിക്കേണ്ടതും നിശ്ചിത സമയപരിധിയിൽ അവ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം കരാർ ഉടമ്പടി പ്രകാരമുള്ള പിഴ ഈടാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിപ്പ് ക്രമപ്രകാരമല്ല

1.ഗ്രാമപഞ്ചായത്തിൽ സ്റ്റേഷനറി സാധനങ്ങളും മറ്റും വാങ്ങുമ്പോൾ പർച്ചേസ് ബില്ലിലെ അളവുകളും ഇനങ്ങളും അതേ പടി സ്റ്റോക്കിൽ രേഖപ്പെടുത്തുകയാണ് ചെയ്തു വരുന്നത്. ഓരോ ഇനത്തിനും പ്രത്യേകം പേജുകൾ നല്കി , സ്റ്റോക്ക് / വിതരണ വിവരങ്ങൾ രേഖപ്പെടുത്തുകയോ പ്രതിമാസ /പ്രതിവർഷ ക്ലോസിംഗ് സ്റ്റോക്ക് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല

2.2018-19 സാമ്പത്തിക വർഷം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല

3.ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നു വാങ്ങിയതും ലോക്കൽ പർച്ചേസ് നടത്തിയതും ഉൾപ്പെടെയുള്ള സാധനങ്ങളുടെ വർഷാന്ത്യ ക്ലോസിംഗ് സ്റ്റോക്ക് റിപ്പോർട്ട് പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

4.മുൻവർഷങ്ങളിലെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വർഷത്തേക്കാവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിലല്ല ഓഡിറ്റ് വർഷത്തേക്കുള്ള സ്റ്റേഷനറി സാധനങ്ങളുടെ വാങ്ങൽ നടത്തിയിട്ടുള്ളത്.

5.എ 4 ഷീറ്റ് - വിനിയോഗം

ഓഡിറ്റ് വർഷം വിവിധ മാസങ്ങളിലായി താഴെ പറയും പ്രകാരം എ4 ഷീറ്റുകൾ ഗ്രാമപഞ്ചായത്തിലേക്ക് വാങ്ങിയിട്ടുണ്ട്

1.ഗ്രാമലക്ഷ്മി മുദ്രാലയം 21800223/11.06.18 50 പാക്കറ്റ് @185 9250രൂപ

2.21800260/26.06.18 4950രൂപ 10 പാക്കറ്റ് @ 190

3.21801049/22.12.18 22539രൂപ 15 പാക്കറ്റ് @200

4.21801239/4.02.19 2990രൂപ 11പാക്കറ്റ് @220

ആകെ 86 പാക്കറ്റ് (500ഷീറ്റ്സ്/പാക്കറ്റ്) എ 4 ഷീറ്റുകൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങളും 31.03.19 ലെ നീക്കിയിരിപ്പ് എത്രയെന്നും വ്യക്തമാക്കപ്പെട്ടിട്ടില്ല. കണക്കുകൾ തയ്യാറാക്കിയ ശേഷം വിവരങ്ങൾ അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്.

പ്രൊക്യൂർമെന്റ് മാന്വലിലെയും സ്റ്റോർ പർച്ചേസ് മാന്വലിലേയും വ്യവസ്ഥകൾ പാലിച്ചു കൊണ്ട് വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്റർ യഥാവിധി പരിപാലിക്കേണ്ടതുമാണ്. ഏതൊരു തീയതിയിലും സ്റ്റോക്ക് രജിസ്റ്റർ പരിശോധനാ വിധേയമാക്കുമ്പോൾ ഭൗതികമായി ലഭ്യമായ സ്റ്റോക്ക് തന്നെയാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഉണ്ടാകേണ്ടത്. ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിലേക്ക് സെക്രട്ടറിയുടെയും ഭരണ സമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-25 പൊതു ടാപ്പുകൾക്കുള്ള വെള്ളക്കരം- സംയുക്ത പരിശോധന നടത്തിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ പേര് | 4/19 കുടിവെള്ളക്കരം ഒടുക്കൽ |
| അടങ്കൽ | 9,00,000/- (തനത് ഫണ്ട്) |
| ചെലവ്- | 850500 |

2018-19 വർഷം പൊതുടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ 162 ടാപ്പുകളുടെ ഉപയോഗത്തിന് 70875 രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ പ്രതിമാസ വാട്ടർ ചാർജ്ജ് അടച്ചുവരുന്നുണ്ട്.

സ ഉ (സാ) 1275/2009/ത സ്വ ഭ വ 30.05.2009 (2.1 ഖ) പ്രകാരം പൊതുടാപ്പുകളുടെ എണ്ണവും പ്രവർത്തനവും ജലവിതരണവും ശുചിത്വവും എന്ന മേഖലക്കായി രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പിന്റെയും ജല അതോറിറ്റിയുടെയും സഹായത്തോടെ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്.

ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ പണം നൽകുന്നുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനായി ടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-26 വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്ലാൻ അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ

നോൺബാങ്കിംഗ് ട്രഷറിആയിരുന്ന കാലയളവിൽ ഇടപാടുകൾ നടത്തുന്നതിനായി വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ വിവിധ ബാങ്കുകളിൽ ആരംഭിച്ചിരുന്ന അക്കൗണ്ടിൽ നിലവിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | ബാങ്ക് അക്കൗണ്ട് നമ്പർ | 31.03.19 ലെ നീക്കിയിരിപ്പ് | അവസാന മായി പണമിട പാട് നടത്തിയ തീയതി | നിലവിൽ ഉപയോഗി ക്കുന്നുണ്ടോ |
|---|---|---|---|---|---|
| 1 | വെറ്റിനറി സർജ്ജൻ | (*) | (*) | (*) | (*) |
| 2 | ഫിഷറീസ് സബ്ഇൻസ്പെക്ടർ | 0730101034981<br>Canara Bank | 4035 | 4.4.18 | ഇല്ല |
| 3 | വി ഇ ഒ 1 | 5836-SCB Madayi | 1,84,217 | 10.03.17 | ഇല്ല |
| 4 | വി ഇ ഒ 11 | 40474100006655-KGB | 7400 | 02.05.16 | ഇല്ല |
| 5 | മെഡിക്കൽ | 42362200018090 | 14231 | 30.06.18 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ഓഫീസർ,പി എച്ച് സി | Syndicate bank | | | |
| 6 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 67212041508<br>SBI | 0 | 10.03.17 | ഇല്ല |
| 7 | ഹെഡ്മാസ്റ്റർ | (*) | (*) | (*) | (*) |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | 40474100006684<br>KGB | 16279 | 25.08.15 | 24.12.18-6570രൂപ,<br>08.02.19<br>2147രൂപ ഇവ തെറ്റായി വരവു വന്നിട്ടുണ്ട് |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | (*) | (*) | (*) | (*) |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 42362200029732<br>Syndicate bank | 20661 | 29.08.2019 | കണ്ടിജന്റ് ചെലവുകൾക്കായി ലഭിക്കുന്ന തുക നിക്ഷേപിക്കുന്നു |
| 11 | സെക്രട്ടറി | 42362200022648<br>Syndicate bank | 43102 | 7.11.16 | ഇല്ല |

(*)വെറ്റിനറി സർജ്ജൻ , ഹെഡ്മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

പദ്ധതി അക്കൌണ്ടുകളിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകൾ - അപാകങ്ങൾ

സെക്രട്ടറിയുടെ പദ്ധതിയേതര ചെലവുകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്

| ക്രമ നം | വൗച്ചർ നമ്പർ | ചെലവിന്റെ വിശദാംശങ്ങൾ | അപാകം |
|---|---|---|---|
| 1 | 21800359/13.07.18 5300രൂപ | ഫോട്ടോസ്റ്റാറ്റ് മെഷീൻ-ടോണർ കാട്രിഡ്ജ് മാറ്റൽ/റീഫില്ലിംഗ് | ഒരു തവണ ഫില്ലിംഗ്/കാട്രിഡ്ജ് മാറ്റിയാൽ 25000 മുതൽ 30000 വരെ കോപ്പികൾ എടുക്കാൻ സാധിക്കും എന്ന് അറിയിച്ചിട്ടുണ്ട്.മറുപടിയുടെ ആധികാരികത പരിശോധിക്കേണ്ടതും ആയത് ലഭ്യമാകുന്നുണ്ടോ എന്ന് നിരീക്ഷിക്കപ്പെടേണ്ടതുമാണ്. ലോഗ് ബുക്ക് സൂക്ഷിക്കാത്തതും അപാകമാണ്. |
| 2 | 21800896/29.11.18 8500രൂപ | | |
| 3 | 21800895/31.08.18 9500രൂപ | എൻ ആർ ഇ ജി എ ഓഫീസിലേക്ക് പുതിയ പ്രിന്റർ വാങ്ങൽ | എൻ ആർ ഇ ജി എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവുകളിൽ പെടുത്താതെ തനതു ഫണ്ടിൽ നിന്ന് ചെലവഴിച്ചത് ശരിയല്ല |
| 4 | 21800591/18.09.18 700രൂ | വണ്ടിക്കൂലി-പശുക്കളെ വണ്ടിയിൽ കയറ്റിക്കൊണ്ടു വന്നത് | ഗ്രാമപഞ്ചായത്തിൽ പൗണ്ട് കീപ്പർ തസ്തിക ഉണ്ടായിരിക്കെ പരിപാലനത്തിന് ദിവസക്കൂലിക്ക് ആളെ നിയമിച്ചത് ശരിയല്ല. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പിടിച്ചു കെട്ടിയത് രാത്രി സമയത്തായതിനാലാണ് കൂലിക്ക് ആളെ നിയമിച്ചതെന്ന് അറിയിച്ചിട്ടുണ്ട്. |
| 5 | 21800593/19.09.18 4800രൂപ | പരിപാലനത്തിന് കൂലി നല്കിയത്-3600 തീറ്റച്ചെലവ്-1200 | |
| 6 | 21800592/18.09.18 3200രൂപ | വണ്ടിയിൽ കയറ്റാനും ഇറക്കാനും കൂലി | |
| 7 | 21800594/19.09.18 3500രൂപ | പശുക്കളെ പിടിക്കാൻ കൂലി നല്കിയത് | |
| 8 | 21800079/27.04.18 4970രൂ | ദിവസക്കൂലിക്ക് നിയമിച്ച ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ വേതനം | പദ്ധതി രേഖ ഡാറ്റാ എൻട്രി ചെയ്യുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം |

| | | | |
|---|---|---|---|
| | | | ലഭ്യമായിരിക്കെ ദിവസക്കൂലിക്ക് ആളെ നിയമിച്ചത് ശരിയല്ല. |
| 9 | 21800473/18.08.18<br>17870രൂ | | ഗുണഭോക്തൃ ലിസ്റ്റ് ഡാറ്റാ എൻട്രിചെയ്യുന്നതിന് ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവനം ലഭ്യമായിരിക്കെ ദിവസക്കൂലിക്ക് ആളെ നിയമിച്ചത് ശരിയല്ല.<br>അംഗീകൃത തസ്തികകളിൽ ജീവനക്കാർ ഉണ്ടായിരിക്കെ ഡാറ്റാ എൻട്രി ചെയ്യുന്നതിന് ദിവസക്കൂലിക്ക് ആളെ നിയമിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ ഇത്തരം ചെലവുകൾ നിയന്ത്രിക്കേണ്ടതാണ് |
| 10 | 21801075/26.12.18<br>2000രൂപ | 2015-16 ലെ ലൈൻഎക്സ്ടെൻഷനിൽ ഉൾപ്പെടാത്ത ഭാഗങ്ങളിൽ ഫിറ്റു ചെയ്യുന്നതിന് സംഭാവനയായി ലഭിച്ച 10 തെരുവുവിളക്കുകൾ സ്ഥാപിക്കാൻ 2 പേർക്ക് 2 ദിവസത്തെ ദിവസക്കൂലി നല്കിയത് | തെരുവു വിളക്കുകൾ എവിടെയാണ് ഫിറ്റ് ചെയ്തതെന്നും ദിവസക്കൂലിക്ക് നിയമിച്ചവർക്ക് ലൈസൻസ് ഉണ്ടായിരുന്നോ എന്നും വ്യക്തമല്ല.എക്സിറ്റ് മീറ്റിംഗിൽ വാർഡ് മെമ്പർ തൊഴിലാളികൾക്ക് ലൈസൻസുണ്ടെന്ന് അറിയിച്ചിരുന്നുവെങ്കിലും അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.എ എം സി നല്കിയതിൽ പ്രസ്തുത ഭാഗം ഉൾപ്പെടുന്നില്ലേ എന്ന് വ്യക്തമാക്കേണ്ടതാണ്. നിലവിൽ അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ വിളക്കുകൾ എങ്ങനെ സ്ഥാപിച്ചു എന്നും വ്യക്തമാക്കേണ്ടതാണ് |
| 11 | 21801095/31.12.18 | ബഡ്സ്സ്കൂളിലേക്കുള്ള | സംസ്ഥാന ഇൻഷുറൻസ് വകുപ്പ |

| | | | |
|---|---|---|---|
| | 31881രൂപ | വാഹനത്തിന്റെ ഇൻഷ്വറൻസ് ചാർജ്ജ് | മുഖേനയല്ലാതെ നാഷണൽ ഇൻഷ്വറൻസ് കമ്പനി മുഖേന വാഹന ഇൻഷ്വറൻസ് ഒടുക്കിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. |

# 1-28 യാത്രാ ബത്ത അനുവദിച്ചതിലെ അപാകങ്ങൾ

1.ശ്രീ എം വി ചന്ദ്രൻ , സെക്രട്ടറിയുടെ അടിസ്ഥാന ശമ്പളം 01.07.17 ന് 49200 രൂപയും 01.07.18 ന് 50400രൂപയുമാണ്. 30.06.18 വരെ ടിയാൻ ഗ്രേഡ് 2(എ) കാറ്റഗറിയിലാണ് ഉൾപ്പെടുന്നതെന്നിരിക്കെ 2/18,3/18,5/18,6/18 മാസങ്ങളിൽ 400രൂപ നിരക്കിൽ ദിനബത്ത അനുവദിച്ചത് ശരിയല്ല. അധികം നല്കിയ തുക (680രൂപ)തിരിച്ചടക്കേണ്ടതാണ്.

2.ശ്രീ പ്രകാശൻ കെ വി, ഡ്രൈവർക്ക് 6 മണിക്കൂറിൽ കുറഞ്ഞ യാത്രകൾക്ക് യാത്രാബത്ത അനുവദിച്ചിട്ടുണ്ട്. (ഓഡിറ്റ് വർഷം 6/17 മുതൽ 8/18 വരെയുള്ള മാസങ്ങളിലെ യാത്രാബത്ത നല്കി) .അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-29 ജി എസ് ടി തുക തെറ്റായ ഹെഡിൽ ഒടുക്കിയ 15,135/- രൂപ തിരികെ ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറിയുടെ 12.03.19 ലെ എ-4998/18 നമ്പർ കത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള താഴെ പറയുന്ന വാങ്ങലുകൾക്കുള്ള ജി എസ് ടി - ടി ഡി എസ് തുക ഐജിഎസ്ടി യിൽ ഒടുക്കുന്നതിനു പകരം ജി എസ് ടി യായി ഒടുക്കിയതിനാൽ പ്രസ്തുത തുക വീണ്ടും ശരിയായ ഹെഡിൽ ഒടുക്കുകയും ജി എസ് ടി വകുപ്പിൽ നിന്നും തെറ്റായി ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിന് അപേക്ഷിക്കുകയും ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1.ഗ്രാമപഞ്ചായത്ത് വാഹനം വാങ്ങിയതിന്റെ ജി എസ് ടി - ടിഡിഎസ് തുക 13673രൂപ

2.വാട്ടർ ടാങ്ക് വാങ്ങിയ ഇനത്തിൽ (അരുൺ പോളിമേഴ്സ് ,മധുര) ജി എസ് ടി - ടിഡിഎസ് തുക -1462രൂപ

തുക വീണ്ടും പിൻവലിച്ച് ശരിയായ ഹെഡിൽ ഒടുക്കിയിട്ടുണ്ട്. തെറ്റായി ഒടുക്കിയ തുക തിരികെ ലഭിച്ചിട്ടില്ല. ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-30 ഹരിത കേരളം-പ്ലാസ്റ്റിക്ക് നിർമ്മാർജ്ജന

## പദ്ധതി- പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കാത്തതും മറ്റ് അപാകങ്ങളും

ഹരിത കേരളം, പ്ലാസ്റ്റിക്ക് മാലിന്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് വാർഡടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് ശേഖരണം നടത്തുന്നുണ്ടെന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ ട്രിപ്പിന് 14000രൂപ നിശ്ചയിച്ച് നിശ്ചിത ഇടവേളകളിൽ ഒഴിവാക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക്ക് ശേഖരണത്തിനായി 30 രൂപ യൂസർ ഫീ നിശ്ചയിക്കുകയും റസീറ്റ് ബുക്കുകൾ ഗ്രാമപഞ്ചായത്ത് അച്ചടിച്ച് നല്കുകയും ചെയ്യുന്നുണ്ട് . എന്നാൽ ശേഖരിക്കുന്ന തുക നിലവിൽ പ്ലാസ്റ്റിക്ക് ശേഖരണം നടത്തുന്നവർ തന്നെ ക്യാഷായി കൈയ്യിൽ വെക്കുകയാണ് ചെയ്യുന്നത്. ഓഡിറ്റ് തീയതി വരെ 86 റസീറ്റ് ബുക്കുകൾ സി ഡി എസ് മുഖേന വിതരണം ചെയ്തിട്ടുണ്ട്.(ഒരു റസീറ്റ് ബുക്കിൽ 100റസീറ്റുകൾ) . 2018-19 സാമ്പത്തിക വർഷം 41 റസീറ്റ് ബുക്കുകളിലായി 123000രൂപ ശേഖരിച്ചിട്ടുണ്ട് .

ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്.ഹരിത കർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ചും ധനവിനിയോഗം സംബന്ധിച്ചുമുള്ള വ്യക്തമായ ബൈലോ തയ്യാറാക്കപ്പെട്ടിട്ടില്ല.

മെറ്റീരിയൽ റിക്കവറി സെന്ററും പ്ലാന്റും സ്ഥാപിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയും 618777രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിച്ചിട്ടുണ്ടെങ്കിലും പ്ലാന്റ് സ്ഥാപിച്ചിട്ടില്ല. പ്രാദേശികമായ എതിർപ്പിനെ തുടർന്ന് പദ്ധതി ഉപേക്ഷിച്ചതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ നടത്തുന്നതിലേക്കായി ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ (പ്രോ.നം.78/19)ഒടുക്കിയ മുഴുവൻ തുകയുടെയും മരുന്ന് ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ(അലോപ്പതി) നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ ഭാഗമായി ബിൽ.നം.12/18-19 തീയ്യതി 25.09.2018 പ്രകാരം ₹300000 യും, ബിൽ.നം. 33/18-19 തീയ്യതി.21.02.2019 പ്രകാരം ₹300000-യും അടക്കം 600000രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ ഓഡിറ്റ് തീയ്യതി വരെ 5,28,617 രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ലഭിക്കുവാൻ ബാക്കിയുള്ള 71383 രൂപയുടെ മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിക്കുന്ന മുറക്ക് ആയതിന്റെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-32 ക്ഷമത - എൽ.പി സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം (പ്രോ. നം.92/19) ഫുട്ബോൾ വാങ്ങിച്ച

## വകയിൽ 690രൂപ അധികം നൽകി

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം MALABAR SPORTS & TOYS പഴയങ്ങാടി എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയസ് നമ്പർ 1882-തീയ്യതി.28.2.2019 പ്രകാരം99940 രൂപയ്ക്ക് വിവിധ സ്പോർട്സ് ഉപകരണങ്ങളും, കളിപ്പാട്ടങ്ങളും വാങ്ങിച്ച അവസരത്തിൽ 14 ഫുട്ബോൾ വാങ്ങിച്ച വകയിൽ ഫുട്ബോൾ ഒന്നിന് 690 രൂപ നിരക്കിൽ 14x690=9660രൂപ നല്കുന്നതിന് പകരം 10350 രൂപയാണ് നല്കിയിട്ടുള്ളത്. അധികം നല്കിയ 690 രൂപ തിരിച്ച് പിടിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 പാലിയേറ്റീവ് പരിചരണ പദ്ധതി -വളണ്ടിയർമാരുടെ പരിശീലനം- അധികം ചെലവഴിച്ച 4060രൂപ നിരാകരിക്കുന്നു .

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. മുട്ടം. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം.51/19. സാന്ത്വനപരിചരണ പദ്ധതിയിൽ ഉൾപ്പെടുത്തി 23.3.2019-ന് നടപ്പിലാക്കിയ പ്രസ്തുത പരിശീലനത്തിന് . സ.ഉ(സാധാ)നം.3217/2015./ത.സ്വ.ഭ.വ-തീയ്യതി.29.10.2015-ലെ ഖണ്ഡിക 2.6.14 പ്രകാരം പാലിയേറ്റീവ് പരിചരണ പദ്ധതി വളണ്ടിയർമാരുടെ പരിശീലനത്തിന് പങ്കെടുക്കുന്ന ഒരാൾക്ക് പരമാവധി ഭക്ഷണ ചെലവ് 60 രൂപയും, മറ്റു ചെലവുകൾക്കായി പരമാവധി 2000 രൂപയുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഇതിന് വിരുദ്ധമായി തുക ചെലവഴിച്ചതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

23.3.2019ന് നടന്ന പാലിയേറ്റേവ് പരിചരണ പദ്ധതി വളണ്ടിയർമാരുടെ പരിശീലനത്തിന്റെ ചെലവ്

ഭക്ഷണച്ചെലവ്

| ഭക്ഷണം കഴിച്ചവരുടെ എണ്ണം | തീയ്യതി | ചെലവഴിച്ച തുക ₹ | ചെലവഴിക്കാവുന്ന പരമാവധി തുക ₹ | അധികം ചെലവഴിച്ച തുക. ₹ | വൗച്ചർ നം |
|---|---|---|---|---|---|
| 80 | 23.3.2019 | 6880 | 4800 | 2080 | 212/18-19 |

മറ്റ് ചെലവുകൾ

| ചെലവ് ഇനങ്ങൾ | തീയ്യതി | വൗച്ചർ നം | ചെലവഴിച്ച തുക. ₹ | ചെലവഴിക്കാവുന്ന പരമാവധി തുക ₹ | അധികം ചെലവഴിച്ച തുക. ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| പരിശീലകനുള്ള ഇൻസെന്റീവ് | 23.3.2019 | 209/18-19 | 1000 | എല്ലാ ഇനങ്ങളിലും ചെലവഴിക്കാവുന്ന പരമാവധി തുക ₹ 2000 | |
| നോട്ട് ബുക്ക് | 23.3.2019 | 213/18-19 | 860 | | |
| സ്റ്റേഷനറി സാധനങ്ങൾ | 23.3.2019 | 210/18-19 | 1420 | | |
| ക്ലോത്ത് ബാനർ | 23.3.2019 | 211/18-19 | 700 | | |
| | | ആകെ | 3980 | 2000 | 1980 |

പാലിയേറ്റീവ് പരിചരണ പദ്ധതി വളണ്ടിയർമാരുടെ പരിശീലനത്തിന് സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതലായി ചെലവഴിച്ച 4060 ( 2080+1980)രൂപ തിരിച്ചടക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 പെയിൻ&പാലിയേറ്റീവ് പരിചരണ പദ്ധതി-അപാകങ്ങൾ

a)മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിൽ കാലതാമസം

മാടായി ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയ സാന്ത്വനപരിചരണ പദ്ധതിക്ക് മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കേരള മെഡിക്കൽസർവ്വീസ് കോർപ്പറേഷന് തുക നൽകിയെങ്കിലും ഓഡിറ്റ് തീയ്യതി വരെ മുഴുവൻ മരുന്നുകൾ / ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ- പ്രോജക്റ്റിന്റെ പേര്- അടങ്കൽ തുക. | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയതുക /ചെക്ക് നം/ ബിൽ നം/ തീയ്യതി | തുക കൈപ്പറ്റിയ സ്ഥാപനം | ലഭിച്ച മരുന്നുകളുടെ/ ഉപകരണ ങ്ങളുടെ വില ₹ | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ/ ഉപകരണ ങ്ങളുടെ വില ₹ |
|---|---|---|---|---|---|---|
| 1 | 51/19 -സാന്ത്വന | മെഡിക്കൽ ഓഫീസർ | (1)35/18-19 തീയ്യതി.14.3.19. | കേരള മെഡിക്കൽ | 38997 | 71003<br>99711 |

| | | | | | | |
|---|---|---|---|---|---|---|
| | പരിചരണ പദ്ധതി ₹ 1200000 | പി.എച്ച്.സി. മുട്ടം | ₹110000 (മരുന്നുകൾക്ക് വേണ്ടി) (2)1380721/ 13.3.2019/ ₹299649-ൽ ഉപകരണങ്ങൾക്കു വേണ്ടി നൽകിയ ₹ 99711 | സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്. | ഉപകരണങ്ങൾ ഒന്നും ലഭിച്ചിട്ടില്ല. | |
| | ആകെ | | ₹ 209711 (1,10,000 + 99,711) | | 38997 | 170714 |

പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ ഉൾപ്പെടുന്ന കിടപ്പു രോഗികളുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനു വേണ്ട അടിയന്തിര നടപടികൾസ്വീകരിക്കേണ്ടതാണ്.

b)ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല

29.10.15-ലെ സ.ഉ.(സാധാ) നമ്പർ 3217/2015/തസ്വഭവ ഖണ്ഡിക 2-5(6) പ്രകാരം നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരങ്ങൾ തദ്ദേശ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുത്തുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വെബ് സൈറ്റിലെ ലിസ്റ്റിലും വരുത്തേണ്ടതുമാണ്. വെബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ ചെലവുകൾ നടത്താൻ പാടില്ല എന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വെബ് സൈറ്റിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെയാണ് ഓഡിറ്റ് വർഷവും ചെലവുകൾ നടത്തിയത്. അപാകം പരിഹരിക്കേണ്ടതാണ്.

# 1-35 ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാലതാമസം പ്രോജക്ട് നിർവ്വഹണത്തെ ബാധിക്കുന്നു.

മാടായി ഗ്രാമപഞ്ചായത്ത്-2018-19 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതി പ്രകാരം ഹോമിയോ മരുന്നുകൾ വാങ്ങുന്നതിന്

500000രൂപ മുൻകൂറായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ.ഓപ്പറേറ്റീവ് ഫാർമസിക്ക് അനുവദിക്കുകയുണ്ടായെങ്കിലും ഓഡിറ്റ് തീയ്യതിവരെ മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ- പ്രോജക്ടിന്റെ പേര്- അടങ്കൽ തുക. | നിർവ്വഹണ ഉദ്യോഗസ്ഥൻ | കൈമാറിയ തുക /ചെക്ക് നം/ബിൽ നം/തീയ്യതി | തുകകൈപ്പറ്റിയ സ്ഥാപനം | ലഭിച്ച മരുന്നുകളുടെ വില ₹ | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വില ₹ |
|---|---|---|---|---|---|---|
| 1 | 68/19- ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ ഹോമിയോ-മാടായി | (1)1005518/17/10/18. ₹300000 (2)2/18-19/30.10.18/ ₹ 200000 | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ.ഓപ്പറേറ്റീവ് ഫാർമസി | 101008 66625 | 198992 133375 |
| | ആകെ | | ₹500000 | | 167633 | 332367 |

തുക മുൻകൂറായി അനുവദിച്ചപ്പോൾ ഹോംകോ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിലെ കാല താമസം ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതിനാൽ മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി -

# മാർഗ്ഗരേഖാനിബന്ധനകൾ പാലിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ ,പേര് | 144/19 തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപണി |
| അടങ്കൽ | 4,72,700ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ്--തുക/ബിൽ നം / തിയ്യതി | 150000/- 8/13.06.18 |
| | 150000/- 24/15.12.18 |
| | 92681/40/22.03.19 |
| | 80019/41/22.03.19 |

തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട് ശ്രീ . ശങ്കരൻ നമ്പൂതിരി എന്ന കരാറുകാരനുമായി ഒരു വിളക്കിന് 580/- രൂപ നിരക്കിൽ 815 വിളക്കുകൾക്ക് 4,72,700/- രൂപയ്ക്ക് കരാർ ഉടമ്പടി ഒപ്പുവെക്കുകയും മുകളിൽ പരാമർശിച്ച പ്രകാരം കരാറുകാരന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

1.തെരുവ് വിളക്ക് വാർഷിക അറ്റകുറ്റപ്പണിയും സംരക്ഷണവുമായി ബന്ധപ്പെട്ട സർക്കുലർ നം 3055/ഉ അ 3/2011/തസ്വഭവ /18.09.11 പ്രകാരമുള്ള മാർഗ്ഗരേഖ ഖ 2.(ബി) പ്രകാരം തെരുവ് വിളക്കുകളുടെയും അനുബന്ധ വസ്തുക്കളുടെയും വിശദാംശങ്ങൾ തദ്ദേശ ഭരണ സ്ഥാപനത്തിലെയും കെ എസ് ഇ ബിയിലെയും അധികാരികൾ സംയുക്ത പരിശോധന നടത്തി കണ്ടെത്തേണ്ടതും ഇവ സംബന്ധിച്ച് ടെൻഡർ രേഖകളിൽ പരാമർശിക്കേണ്ടതുമാണ്.കരാറിൽ വിവിധ ഇനത്തിലുള്ള വിളക്കുകൾക്ക് ഒരേ നിരക്കിലാണ് എ എം സി യിലേർപ്പെട്ടത് ശരിയായ നടപടിയല്ല. കൂടാതെ കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താതെ വിളക്കുകളുടെ എണ്ണത്തിന്റെ കൃത്യത കണക്കാക്കിയതിന്റെ മാനദണ്ഡം വ്യക്തമല്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള വിവിധയിനം ബൾബുകളുടെ എണ്ണം കണക്കാക്കി ആയതിനനുസരിച്ച് കരാറുവ്യവസ്ഥയിലേർപ്പെടാൻ ശ്രദ്ധിക്കേണ്ടതാണ്.

2.മാർഗ്ഗരേഖ ഖ (2 ഇ) പ്രകാരം കരാർ ലഭിക്കുന്നയാൾ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡിപ്പോസിറ്റ് നൽകേണ്ടതാണ്. കരാറുകാരന്റെ അപാകതകൾ കാരണം തദ്ദേശ സ്ഥാപനത്തിനുണ്ടാകുന്ന പിഴകൾ, ക്ലെയിമുകൾ, നഷ്ടങ്ങൾ തുടങ്ങിയവക്കുള്ള തുകകൾ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും ഈടാക്കാവുന്നതാണ്. എന്നാൽ മേൽ പറഞ്ഞിരിക്കുന്ന പ്രകാരം ശ്രീ. ശങ്കരൻ നമ്പൂതിരി എന്ന കരാറുകാരനുമായി 4,72,700/- രൂപയ്ക്ക് കരാറിലേർപ്പെടുമ്പാൾ 25,000/- രൂപ മാത്രമാണ് സെക്യൂരിറ്റി ഡെപ്പോസിറ്റായി ഈടാക്കിയിട്ടുള്ളത്. ഭാവിയിൽ ഇത്തരം അപാകങ്ങൾ സംഭവിക്കാതിരിക്കാൻ ശ്രദ്ധക്കേണ്ടതാണ്

3.തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനായി പരാതികളുടെ സമയം , തിയ്യതി, പരാതിക്കാരന്റെ പേര് , വിവരണം എന്നിവ ഉൾപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-37 വാഹനം വാങ്ങിയത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല. അധികമായി ചെലവഴിച്ച 172623/- രൂപ തടസ്സപ്പെടുത്തുന്നു

| | | | |
|---|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി | |
| | പ്രോജ്കട് നമ്പർ പേര് | 202/19 പഞ്ചായത്തിന് ഔദ്യോഗിക വാഹനം വാങ്ങൽ | |
| | അടങ്കൽ | 10,00,000(തനത് ഫണ്ട്) | |
| | ചെലവ് / വൗച്ചർ നമ്പർ/ തിയ്യതി | 9,86,327 | 21801036/21.12.18 |
| | | 6,837 | 21801037/21.12.18 |
| | | 6,836 | 21801038/21.12.18 |
| 2 | പ്രോജക്ട് നമ്പർ, പേര് | 211/19 പഞ്ചായത്ത് വാഹനത്തിന് ആസ്സസറീസ് | |
| | അടങ്കൽ | 60,000 (തനത് ഫണ്ട്) | |
| | ചെലവ്/ വൗച്ചർ നമ്പർ/ തിയ്യതി | 55,000 | 21801093/28.12.18 |
| 3 | പ്രോജക്ടിൽ ഉൾപ്പെടുത്താതെയുള്ള | 11,838 | 21801162/21.01.19 |

| | | | |
|---|---|---|---|
| | ചെലവ് | | |
| 4 | റോഡ് ടാക്സ് മുതലായവ(പ്രോജക്ടിൽ ഉൾപ്പെടുത്താത്ത ചെലവ്) | 105785രൂപ | 21801042/21.12.18 |

സ ഉ (സാധാ) 2528/2012/തസ്വഭവ/06.09.2012 നമ്പർ ഉത്തരവ് പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന പരിധി 10,00,000 രൂപയാണ്. എന്നാൽ 2018-19 വർഷം പഞ്ചായത്തിന് MAH SCORPIO S5 മോഡൽ വാഹനം വാങ്ങുന്നതിന് മഹീന്ദ്ര ലിമിറ്റഡ് , മഹാരാഷ്ട്ര എന്ന കമ്പനിയിൽ നിന്നുള്ള ഇൻവോയിസ് (7001675347/19.11.18) പ്രകാരം 10,11,838/- രൂപ നൽകുന്നതിന് ക്രമ നമ്പർ 1, 3 പ്രകാരവും വണ്ടിക്ക് ആക്സസ്സറീസ് വാങ്ങുന്നതിന് ഇറാം മോട്ടോർസ് ലിമിറ്റഡ് , കണ്ണൂർ എന്ന സ്ഥാപനത്തിന് നൽകുന്നതിന് 55,000/- രൂപ ക്രമ നം 2 പ്രകാരവും ചെലവഴിച്ചിട്ടുണ്ട്.കൂടാതെ റോഡ് ടാക്സ് മുതലായവ നല്കുന്നതിനായി 105785രൂപയും ക്രമനമ്പർ 4 പ്രകാരം ചെലവു ചെയ്തിട്ടുണ്ട്.( GeM പോർട്ടൽ വഴിയാണ് വാങ്ങൽ നടത്തിയിട്ടുള്ളത്.)

ആകെ 1172623 രൂപ വണ്ടി വാങ്ങുന്നതുമായി ബന്ധപ്പെട്ട് ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിലെ നിർദ്ദേശത്തിന് വിരുദ്ധമായി 172623/-രൂപ അധികം ചെലവഴിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. വാഹനം വാങ്ങുന്നതിന് വകയിരുത്തിയ തുകയിലും അധികം ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിയതിനും വാഹനം വാങ്ങുന്നതുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച പ്രകാരം രണ്ട് പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാനുണ്ടായ കാരണവും വിശദീകരിക്കേണ്ടതാണ്

3.വണ്ടിയുടെ മോഡൽ നിശ്ചയിച്ച് കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനം സംബന്ധിച്ച വിവരങ്ങൾ ഹാജരാക്കിയില്ല.

മേൽ വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം11/27-08-2019) മറുപടി ഹാജരാക്കുകയുണ്ടായില്ല. ആയതിനാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി അധികമായി ചെലവഴിച്ച 172623/- രൂപ തടസ്സപ്പെടുത്തുന്നു.

# 1-38 മത്സ്യ വില്പനക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും നൽകൽ- ലൈസൻസ് ഹാജരാക്കേണ്ടതാണ്.

| പ്രോജക്ട് നം/പേര് | അടങ്കൽ | നൽകിയ തുക | ബിൽ നം/ തിയ്യതി |
|---|---|---|---|
| 77/19 /മത്സ്യ വില്പനക്കായി മോട്ടോർ സൈക്കിളും ഐസ് | 143160(വികസന ഫണ്ട്) | 143160 (വികസന ഫണ്ട്) | 2//28.02.19 |

| | | | |
|---|---|---|---|
| ബോക്സും നൽകൽ | | | |
| | 143160 (മറ്റുള്ളവ) | 143160 (ഗുണഭോക്തൃവിഹിതം) | |
| ആകെ | | 286320 | |

1.മേൽ പ്രോജക്ട് പ്രകാരം 6 പേർക്ക് മത്സ്യ വില്പനക്കായി മോട്ടോർ സൈക്കിളും ഐസ് ബോക്സും (44750+2970)X6= 286320)വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗ രേഖ സ ഉ (കൈ) നം 22/2018/തസ്വഭവ 14.02.18 ഖ. 6.3.20 പ്രകാരം മോട്ടോർ സൈക്കിൾ ലൈസൻസ് ഉള്ളവർക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ സുജിത്ത് കുമാർ കെ പി , കായപ്പറമ്പിൽ എന്ന ഗുണഭോക്താവിന്റെ LMV ലൈസൻസ് പരിഗണിച്ചാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താവിന്റെ മോട്ടോർ സൈക്കിൾ ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2.പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.
മേൽ അപകാങ്ങൾ/ന്യൂനതകൾ പരിഹിരച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-39 തൊഴിലുറപ്പു പദ്ധതി ഓഫീസിലേക്ക് നൽകിയ കമ്പ്യൂട്ടറിന്റെ വില റിക്കൂപ്പ് ചെയ്യേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജ്കട് നമ്പർ /പേര് | 203/19 പഞ്ചായത്ത് ഓഫീസിലേക്കും തൊഴിലുറപ്പ പദ്ധതി ഓഫീസിലേക്കും കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | 169154(തനത് ഫണ്ട് ) |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് ഓഫീസിലേക്കും തൊഴിലുറപ്പ പദ്ധതി ഓഫീസിലേക്കും കമ്പ്യൂട്ടറുകളും സ്കാനറും പ്രിന്ററുകളും കെൽട്രോണിൽ (ഇൻവോയിസ് നം Ttvm/TBG/PI/RC/3903/17-18/29.11.18 ) നിന്നും താഴെ പറയും പ്രകാരം വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വിതരണം ചെയ്ത കമ്പ്യൂട്ടറിന്റ വില 38533/- രൂപയിൽ നിന്ന് 41259 രൂപയായി നിശ്ചയിച്ചിട്ടുണ്ട് എന്ന് സ്ഥാപനം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 2019-20 വർഷം 8178/- രൂപ (വൗച്ചർ നം 201900080/30.04.19)പ്രകാരവും നൽകിയിട്ടുണ്ട്.

| ഇനം | എണ്ണം | നിരക്ക് | വില |
|---|---|---|---|
| Desktop Computer (@41259) | 3 | 38533x3 | 115599 (8178 രൂപ 2019-20 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷം നൽകി) |
| Scanner | 1 | 20939x1 | 20939 |
| Printer | 3 | 10872x3 | 32616 |
| ആകെ | | | 1,69,154 |

തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് ആവശ്യമായ എല്ലാ ചെലവുകളും തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാവുന്നതാണ് എന്നിരിക്കെ തൊഴിലുറപ്പ് പദ്ധതി ഓഫീസിലേക്ക് നല്കിയ കമ്പ്യൂട്ടറിന്റെ വിലയായ 41,259 രൂപ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണചെലവിൽ നിന്നും പിൻവലിച്ച് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

# 1-40 വിവിധ പ്രവൃത്തികൾക്കായി ഡെപ്പോസിറ്റ് നൽകൽ - പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ്.

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം തുക വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രവും വാല്വേഷൻ സർട്ടിഫിക്കറ്റും പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം | പ്രൊജക്ട് നം/പേര് | തുക കൈപ്പറ്റിയ സ്ഥാപനം | അടങ്കൽ തുക | ചെലവ് തുക | ബിൽ നം/ തിയതി |
|---|---|---|---|---|---|
| 1 | 91/ 19മാടായി ഇലക്ട്രിക്ക് സെക്ഷൻ പരിധിയിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ | കെ എസ് ഇ ബി | 6,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 6,,00,000 | 23/ 15.12.18 |
| 2 | 25/19 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലേക്ക് KWA യുടെ കുടിവെള്ളം പൈപ്പ് ലൈൻ നീട്ടൽ | കേരള വാട്ടർ അതോറിറ്റി | 15,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 15,00,000 | 13/13.09.18 |
| 3 | 97/19 പാഞ്ചാലി വീട് മുതൽ ഷൈലജയുടെ | കേരള വാട്ടർ | 4,15,000 | 4,15,000 | 14/13.09.18 |

| | | | | | |
|---|---|---|---|---|---|
| | വീട് വരെയും അബൂട്ടി വീട് മുതൽ ശ്രീജിത്ത് വീട് വരെയും പൈപ്പ് ലൈൻ വലിക്കൽ | അതോറിറ്റി | (എസ് സി പി ഫണ്ട്) | | |
| 4 | 93/19 പഴയങ്ങാടി ഇലക്ട്രിക് സെക്ഷൻ പരിധിയിലുള്ള വിവിധ സ്ഥലങ്ങളിൽ തെരുവ് വിളക്ക് ലൈൻ വലിക്കൽ | കെ എസ് ഇ ബി | ~~7,70,000~~((ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 7,70,000 | 30/22.01.19 |
| | | | 30,000(തനത് ഫണ്ട് | 29,946 | 21801172/22.01.19 |

# 1-41 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ പേര് |
|---|---|
| സെക്രട്ടറി | 03/ 19 ഐ കെ എമ്മിന് വിഹിതം നൽകൽ<br>അടങ്കൽ 84,758രൂപ<br>ചെലവ്<br>84758/-(04/31.05.2018) |
| വെറ്റിനറി സർജ്ജൻ | 27/19 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി<br>അടങ്കൽ 500000 രൂപ<br>ചെലവ്<br>125000(ബിൽ നമ്പർ 1/18-19 തീയതി 26.10.18)<br>125000 (ചെക്ക് നം. 799012700000006/26.10.18) |

ഐ കെ എമ്മിന് വിഹിതം നൽകൽ എന്ന പദ്ധതിയുടെ ഭാഗമായി ഐ കെ എമ്മിന് നൽകിയ 84,758/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ഹാജരാക്കിയില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

കന്നുകുട്ടി പരിപാലന പദ്ധതി പൂർത്തിയാകുന്ന മുറക്ക് വിനിയോഗ സാക്ഷ്യപത്രവും ചെലവു പത്രികയും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

# 1-42 നിർമ്മാണതൊഴിലാളി ക്ഷേമനിധി വിഹിതം

## കുറവ് ചെയ്യൽ-കളക്ഷൻ തുക ഈടാക്കുന്നില്ല.

1996 ലെകേരള ബിൽഡിംഗ് &അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%തുക തൊഴിലാളി ക്ഷേമനിധി ഇനത്തിൽ ഈടാക്കുകയും അതിന്റെ ഒരു ശതമാനത്തിൽ കവിയാത്ത തുക കളക്ഷൻ ചാർജ്ജായി ഗ്രാമപഞ്ചായത്തിലേക്ക് ഈടാക്കാവുന്നതുമാണ്.എന്നാൽ മാടായി ഗ്രാമപഞ്ചായത്തിൽ ക്ഷേമനിധി വിഹിതം ഈടാക്കിയിട്ടുണ്ടെങ്കിലും കളക്ഷൻ ചാർജ്ജിനത്തിൽ തുകയൊന്നും ഈടാക്കിയിട്ടില്ല.ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-43 ഇ ടെൻഡർ - ടെൻഡർ ഫോറങ്ങളുടെ വില എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽ നിന്നും ലഭ്യമായിട്ടില്ല.

മാടായി ഗ്രാമപഞ്ചായത്ത് 2018-19 വർഷം ഇ ടെൻഡർ മുഖേന ടെൻഡർ ചെയ്തിരിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഫോമുകളുടെ വില ഇനത്തിൽ 20100 രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെട്ടതായി അസി.എഞ്ചിനീയർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ ഇനത്തിൽ മുൻകാലയളവിൽ ലഭിക്കാൻ അവശേഷിക്കുന്ന തുകകളും ലഭ്യമായിട്ടില്ല. ആയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-44 അംഗൻവാടികൾ-അടിസ്ഥാന സൌകര്യങ്ങളുടെ അപര്യാപ്തത.

മാടായി ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ അപര്യാപ്തമാണെന്ന് ഇതു സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങളിൽനിന്നും മനസ്സിലാവുന്നു. ആകെയുള്ള 31 അംഗൻവാടികളിൽ 14 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അവശേഷിക്കുന്നവയിൽ 15 എണ്ണം വാടകകെട്ടിടത്തിലും മറ്റൊരെണ്ണം വാടകയില്ലാതെ സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമാണ്. ആകെയുള്ള അംഗൻവാടികളിൽ മൂന്ന് എണ്ണം വൈദ്യുതി, ശൗചാലയ സൗകര്യങ്ങൾ ഇല്ലാത്തവയാണ്. ഇതുകൂടാതെ സ്വന്തമായി കിണർ ഉള്ളവ പത്ത് എണ്ണം മാത്രമാണ്. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളും അടിസ്ഥാന സൌകര്യങ്ങളും ഒരുക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.07.19 മുതൽ 11.07.19 വരെ | കെ എസ് എ/കെഎൻആർ/സി12-1370/2019 തീയതി 17.08.19 |

# 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 3,00,000 | സാന്ത്വന പരിചരണം,51/2019 | 2,99,649 | 351 |
| | | 1,20,000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, 39/2019 | 1,20,000 | 0 |
| | | 3,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്,ബത്ത നല്കൽ, 41/2019 | 2,96,775 | 53,225 |
| | | 1,00,000 | സ്വയം പര്യാപ്ത കാർഷിക ഗ്രാമം, 63/19 | 0 | 1,00,000 |
| | | 43,000 | ഒന്നാം ക്ലാസ് ഒന്നാം തരമാക്കൽ, 87/19 | 18,389 | 24,611 |
| | | 10,00,000 | കാലിക്കൽ കുടിവെള്ള പദ്ധതി, 208/19 | 0 | 10,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 2,55,000 | നെൽക്യഷിക്ക് വിത്തും കൂലിച്ചെലവും,38/19 | 2,55,000 | 0 |
| | | 3,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള | 3,50,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ്/ബത്ത നല്കൽ, 41/2019 | | |
| | | 25,000 | ഒന്നാം ക്ലാസ് ഒന്നാം തരമാക്കൽ, 87/19 | 25,000 | 0 |
| | | 1,20,000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, 39/2019 | 1,20,000 | 0 |
| | | 3,00,000 | ലൈഫ് മിഷൻ - പൊതുവിഭാഗം,8/2019 | 0 | 3,00,000 |

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | പഴയങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ,93/19 | 21801172/ 22.01.19 (29,946രൂ) ബിൽ നമ്പർ 30/22.01.19 (7,70,000രൂപ) | 7,99,946 | 0 | 7,99,946 |
| കെ എസ് ഇ ബി | മാടായി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ,91/19 | 23/15.12.18 | 6,00,000 | 0 | 6,00,000 |

| | | | | | |
|---|---|---|---|---|---|
| കെ ഡബ്ല്യു എ | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ,25/19 | 13/13.09.18 | 15,00,000 | 0 | 15,00,000 |
| കെ ഡബ്ല്യു എ | പാഞ്ചാലി വീട്ടുമുതൽ ഷൈലജ വീട്ടു വരെയും അമ്പൂട്ടി വീട്ടു മുതൽ ശ്രീജിത്ത് വീട്ടുവരെയും പൈപ്പ് ലൈൻ നീട്ടൽ,97/19 | 14/13.09.18 | 4,15,000 | 0 | 4,15,000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

# 4-6 സ്ഥിര നിക്ഷേപം

താഴെ പറയും പ്രകാരം 15000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 15,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,000 |

<u>വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .</u>

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ സർട്ടിഫിക്കറ്റ് നം. 7 തീയതി 16.06.15 ,ഷെയർ നമ്പർ 123D | 15,000രൂപ |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,276രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2006-07 | 3-17,3-18, 3-25,3-29 | 2,077 | പി രവീന്ദ്രനാഥ്, സെക്രട്ടറി(റിട്ട.) | 118020106339/ 2.02.19 |
| 2007-08 | 2-9 | 250 | ടി | 118020106340/ 2.02.19 |
| 1998-1999 | 22 | 3,949 | ശ്രീ എം പി ചന്തു,സെക്രട്ടറി(റിട്ട.) | 118020105915/ 10.01.19 |
| | | 6,276രൂപ | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|
| 2016-17 | 2.1 | 2013-14 2014-15 | 2-1(I) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| | | | 2.1(II) | തൊഴിൽ നികുതി അടക്കുന്ന കച്ചവടക്കാരുടെ എണ്ണം കുറവ് |
| | | | 2.1(III) | സ്ഥാപനങ്ങളുടെ തൊഴിൽ |

| | | | | |
|---|---|---|---|---|
| | | | | നികുതി അടക്കാത്തത് |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല). | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 1998-99 | 22 | ശ്രീ എം പി ചന്തു, സെക്രട്ടറി (റിട്ട.) | | | 118020105915/ 10.01.19 | | | | 3949 | 3949 | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,00,27,759 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,57,06,790 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10,022 |
| ചെലവിനങ്ങളിലുള്ള നഷ്ടം -ഭരണതല നടപടികളിലൂടെ ഈടാക്കേണ്ടത് | : | 5,430 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,47,623 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം (ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടത്)

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 10,022 | ശ്രീ എം വി ചന്ദ്രൻ ,സെക്രട്ടറി |
| 1-28 | 680 | ശ്രീ എം വി ചന്ദ്രൻ ,സെക്രട്ടറി |
| 1-32 | 690 | ശ്രീമതി.മല്ലിക.സി ,ഹെഡ്മിസ്ട്രസ്,ജി എം യു പി എസ് ,മാടായി |
| 1-33 | 4,060 | ഡോ.സി.പ്രസൂൻ, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| ആകെ | 15452 രൂപ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 75000 | ശ്രീ.ശ്രീജിത്ത്. ഒ, വി ഇ ഒ. |
| 1-37 | 172623 | ശ്രീ എം വി ചന്ദ്രൻ , സെക്രട്ടറി |
| ആകെ | 247623 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീ എം വി ചന്ദ്രൻ , സെക്രട്ടറി | സെക്രട്ടറി,മാടായി ഗ്രാമപഞ്ചായത്ത് | എം വി ഹൌസ്, മണ്ടൂർ |
| ശ്രീമതി.മല്ലിക.സി | ഹെഡ്മിസ്ട്രസ്, ജി എം യു പി എസ്, മാടായി | കുളിർമ്മ,കീഴറ, ചെറുകുന്ന് |
| ഡോ.സി.പ്രസൂൻ,മെഡിക്കൽ ഓഫീസർ,പിഎച്ച്സി | മെഡിക്കൽ ഓഫീസർ, പിഎച്ച്സി മുട്ടം | ചിപ്പി ഹൌസ്, കുമ്മൻ തൊടി പറമ്പ,എടക്കാട്(പി ഒ) കാലിക്കറ്റ് |
| ശ്രീ. ശ്രീജിത്ത്.ഒ, വി ഇ ഒ | വി ഇ ഒ, തവനൂർ ഗ്രാമപഞ്ചായത്ത്,മലപ്പുറം | പുതിയ വളപ്പ് ഹൗസ്, മരക്കേൻ കണ്ടി,തയ്യിൽ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 4 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ | 5 |

| | | |
|---|---|---|
| | സി12/579/2019 തീയതി 03.06.19 | |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 6 |
| 2010-11,11-12 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 1 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 18 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 17 |
| 2017-18 | കെ എസ് എ/കെ എൻ ആർ/ സി2-278/2019 തീയതി:01.04.19 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.2/1454/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 17.10.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, മാടായി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Madayi Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 15524500.61 |
| Cash | Cash | RP-40(a) | 169907.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1981720.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 51267.00 |
| 140000000 | Fees & User Charges | RP-4 | 487231.00 |
| 150000000 | Sale & Hire Charges | RP-5 | 209132.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 50140121.00 |
| 171000000 | Interest Earned | RP-9 | 537075.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6220321.00 |
| 350000000 | Other Liabilities | RP-36 | 272894.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 170.00 |
| 311000000 | Earmarked Funds | RP-29 | 5153.00 |
| 340000000 | Deposits Received | RP-34 | 426910.00 |
| 350000000 | Other Liabilities | RP-36 | 237672.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9182853.00 |
| 460000000 | Loans, Advances and Deposits | RP-47 | 275240.00 |
| | Grand total | | 85722166.61 |
| | PAYMENTS | | |
| | | | |

| | | | |
|---|---|---|---|
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4422525.00 |
| 220000000 | Administrative Expenses | RP-12 | 1532879.00 |
| 230000000 | Operations & Maintenance | RP-13 | 2081423.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5294320.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20416190.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1383436.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 547379.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 374000.00 |
| 255000000 | Maintenance Projects | RP-20 | 8860007.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 0.0 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1604494.00 |
| 280000000 | Prior Period item | RP-26 | 97176.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 71912.00 |
| 350000000 | Other Liabilities | RP-36 | 7325275.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 42477.00 |
| 280000000 | Prior Period Item | RP-26 | -490.00 |
| 311000000 | Earmarked Funds | RP-29 | 3000.00 |
| 340000000 | Deposits Received | RP-34 | 87918.00 |
| 350000000 | Other Liabilities | RP-36 | 2347635.00 |
| 410000000 | Fixed Assets | RP-38 | 3955474.00 |
| 412000000 | Capital work in Progress | RP-40 | 2161851.00 |
| 460000000 | Loans, Advances and Deposits | RP-47 | 3097909.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 20015376.61 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 85722166.61 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Madayi Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5439342.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 51267.00 |
| 140000000 | Fee & User Charges | I-4(b) | 708769.00 |
| 150000000 | Sale & Hire Charges | I-5(b) | 209132.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 119889042.00 |
| 171000000 | Interest Earned | I-8 | 537075.00 |
| 180000000 | Other Income | I-9 | 170.00 |
| | Total Income | | 126834797.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12574692.00 |
| 220000000 | Administrative Expenses | I-11(b) | 1532879.00 |
| 230000000 | Operations & Maintenance | I-12(b) | 2088935.00 |
| 240000000 | Interest & Finance Charges | I-13 | 42477.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8762920.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31130435.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1383436.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 547379.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 51693800.00 |
| | | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 8860007.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 22430.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1604494.00 |
| 270000000 | Provisions and Write off | I-16 | 17982.00 |
| 272000000 | Depreciation | I-17(a) | 3801098.00 |
| | Total Expenditure | | 124062964.00 |
| | Gross Surplus/ Deficit of income over Expenditure | | 2771833.00 |
| 280000000 | Prior Period Item | I-18 | -1272397.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4044230.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.00 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

Madayi Grama Panchayat

BALANCE SHEET

As on 31.03.2019

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 20948514.67 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 17442.00 |
| 312000000 | Reserves | B-3 | 31685447.00 |
| | Total Reserve & Surplus | | 52651403.67 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7282309.84 |
| | Total Grants, Contributions for Specific Purposes | | 7282309.84 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | | | |

| | | | |
|---|---|---|---|
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 668108.00 |
| 350000000 | Other Liabilities | B-9 | 1337436.10 |
| | Total Current Liabilities and Provisions | | 2005544.10 |
| | TOTAL LIABILITIES | | 61939257.61 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 52087878.00 |
| 411000000 | Accumulated Depreciation | B-11 | -13239678.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 38848200.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 15000.00 |
| | Total Investments | | 15000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 84492.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 20015376.61 |
| 460000000 | Loans, Advances and Deposits | B-18 | 2976189.00 |
| | Total Current Assets, Loans and Advances | | 23076057.61 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 61939257.61 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ.